VOL NO: 09
ISSUE 04
2025 JANUARY 25
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

■ സലഫി മൻഹജ്; വ്യതിയാനങ്ങളിൽ നിന്നുള്ള സുരക്ഷ




വെളുപ്പും സൗന്ദര്യവും യാതൊരു ധാരണാപത്രത്തിലും ഒപ്പു വെച്ചിട്ടില്ല. കറുത്തവൻ എന്നും കൊള്ളരുതാത്തവനും വെറുക്കപ്പെടേണ്ടവനും, വെളുത്തവൻ എല്ലാവരാലും അംഗീകരിക്കപ്പെടുന്നവനും സ്വീകരിക്കപ്പെടുന്നവനുമായി മാറിയത് എങ്ങനെയാണ് എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ഒരാൾ വെളുത്ത നിറത്തിലാവുന്നത് അയാളുടെ മേന്മ കൊണ്ടല്ല, കറുക്കുന്നത് അയാളുടെ പോരായ്മ കൊണ്ടുമല്ല.

**മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം**

**പൈശാചികതയിലേക്കു നയിക്കുന്ന ലഹരി**

**വിസ്ഡം: കർമവീഥിയിൽ തളരാതെ മുന്നോട്ട്**




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0418
# നേർപഥം
വാരിക

2025 ജനുവരി 25
1446 റജബ് 25
പുസ്തകം 09 / ലക്കം 04




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി



## കറുപ്പിനെന്താ കുഴപ്പം? 10

ഡോ. ഷഹ്ബാസ് കെ അബ്ബാസ്

വെളുപ്പും സൗന്ദര്യവും യാതൊരു ധാരണാപത്രത്തിലും ഒപ്പു വെച്ചിട്ടില്ല. കറുത്തവൻ എന്നും കൊള്ളരുതാത്തവനും വെറുക്കപ്പെടേണ്ടവനും, വെളുത്തവൻ എല്ലാവരാലും അംഗീകരിക്കപ്പെടുന്നവനും സ്വീകരിക്കപ്പെടുന്നവനുമായി മാറിയത് എങ്ങനെയാണ് എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ഒരാൾ വെളുത്ത നിറത്തിലാവുന്നത് അയാളുടെ മേന്മ കൊണ്ടല്ല, കറുക്കുന്നത് അയാളുടെ പോരായ്മ കൊണ്ടുമല്ല.

**05** മുഖമൊഴി
പൈശാചികതയിലേക്കു നയിക്കുന്ന ലഹരി

**06** നിരൂപണം
സലഫി മൻഹജ്; വ്യതിയാനങ്ങളിൽ നിന്നുള്ള സുരക്ഷ
ഉമ്മു മിസ്‌യാൽ മൊറയൂർ

**15** കർമപഥം
കച്ചവടത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**18** ലേഖനം
അല്ലാഹുവിന് പുറമെ ആരാധ്യന്മാരുണ്ടെങ്കിൽ!
യാസീൻ അൽഹികമി

**24** പഠനം
മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം
അബൂറാഷിദ അൽകാസിമി

**26** പ്രഭാഷണം
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കർമവീഥിയിൽ തളരാതെ മുന്നോട്ട്
ടി.കെ അശ്‌റഫ്

**29** കുടുംബപഥം
മക്കളുടെ വിവാഹം
ശമീർ മദീനി

**30** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
അതിരില്ലാത്ത ലോകം കൊതിക്കുന്നവളോട്
സാബിറ ബിൻത് സലീം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിസ്ഡം യൂത്ത് സംസ്ഥാന കൗൺസിൽ സമാപിച്ചു

മലപ്പുറം: ഡയലോഗ്, ഫോക്കസ്, മുഖാമുഖങ്ങൾ, യൂണിറ്റ് ശാക്തീകരണം, ക്യു.എച്ച്.എൽ.എസ്., റമദാൻകാല പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ഭിന്നശേഷി ക്ഷേമപദ്ധതികൾ, യൂത്ത് അവെക്കനിങ്, കോൺക്ലവ്, പെൻഷൻ പദ്ധതി, എൻവിഷൻ എന്നിവയടങ്ങിയ അടുത്ത ആറു മാസക്കാലത്തേക്കുള്ള പ്രവർത്തന പദ്ധതികൾക്ക് അന്തിമരൂപം നൽകി വിസ്ഡം യൂത്ത് സംസ്ഥാന കൗൺസിൽ മലപ്പുറം ടൗൺഹാളിൽ സമാപിച്ചു.

വർധിച്ചുവരുന്ന ലൈംഗിക അതിക്രമങ്ങളിൽ ഉപരിവിപ്ലവമായ ചർച്ചകൾക്ക് പകരം അടിസ്ഥാന കാരണങ്ങളിലേക്ക് കടന്നുള്ള പരിഹാരമാണ് വേണ്ടത്. പത്തനംതിട്ടയിലും മലപ്പുറത്തും നടന്ന ലൈംഗിക അതിക്രമങ്ങൾ ഏറെ ദൗർഭാഗ്യകരവും ഞെട്ടിക്കുന്നതുമാണ്. പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. ജെൻഡർ സാമൂഹിക നിർമിതിയാണെന്ന തത്ത്വം പറയുന്നവരുടെ സ്വാധീനം ഇത്തരം കേസുകളിൽ ഉണ്ടോയെന്ന് പഠന വിധേയമാക്കണം. എന്തിനും ഏതിനും യൂറോപ്യൻ സംസ്കാരങ്ങൾ റോൾ മോഡലായി അവതരിപ്പിക്കപ്പെടുന്നത് ആശങ്കയോടെ നോക്കിക്കാണണം. ധാർമികതയുടെ അതിർവരമ്പുകൾ നിശ്ചയിക്കുന്നതിന് മനുഷ്യനിർമിത മാനദണ്ഡങ്ങൾക്ക് പകരം ദൈവിക ദർശനങ്ങളിലേക്ക് മടങ്ങലാണ് യഥാർഥ പരിഹാരമെന്ന് ആവർത്തിച്ച് വരുന്ന ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടെന്നും കൗൺസിൽ പ്രമേയം പാസാക്കി. കൗൺസിലിന്റെ ഭാഗമായി ഫ്രീ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

പി. ഉബൈദുല്ല എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസി. കെ.താജുദ്ദീൻ സ്വലാഹി ആധ്യക്ഷ്യം വഹിച്ചു. പി.എൻ. അബ്ദുല്ലത്തീഫ് മദനി, ടി.കെ. അശ്റഫ്, നാസിർ ബാലുശ്ശേരി, വിസ്ഡം യൂത്ത് ജന. സെക്രട്ടറി ടി.കെ. നിഷാദ് സലഫി, മുസ്തഫ മദനി, ഡോ.പി.പി. നസീഫ്, യു. മുഹമ്മദ് മദനി, ഫിറോസ് സ്വലാഹി, ജംഷീർ സ്വലാഹി, ഡോ. അൻഫസ് മുക്രം, ഡോ. അബ്ദുല്ല അൻസാരി, ഡോ. ഫസലുറഹ്മാൻ, എ.പി. മുനവ്വർ സ്വലാഹി, ഷാഫി ശാസ്താംകോട്ട, എന്നിവർ സംസാരിച്ചു.

# വിസ്ഡം സ്റ്റുഡന്റ്സ് ത്രിദിന സംസ്ഥാന പ്രതിനിധി സമ്മേളനം തിരൂരിൽ സമാപിച്ചു

തിരൂർ: 2025 മെയ് 11ന് പെരിന്തൽമണ്ണയിൽ വെച്ച് നടക്കാനിരിക്കുന്ന കേരള സ്റ്റുഡന്റ്സ് കോൺഫറൻ സിന്റെ ഭാഗമായി വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതി സംഘടിപ്പിച്ച ത്രിദിന സംസ്ഥാന പ്രതിനിധി സമ്മേളനം സമാപിച്ചു. സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു.

കേരള സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ ഭാഗമായി നടക്കുന്ന മെഡിക്കൽ-നിയമ വിദ്യാർഥി സംഗമങ്ങൾ, ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന ക്യാമ്പസ് കോൺഫറൻസുകൾ, 'എതിരെ' - സ്കൂൾതല ലഹരി വിരുദ്ധ ബോധവൽക്കരണം, ക്വുർആൻ വിജ്ഞാന പരീക്ഷ തുടങ്ങിയ വ്യത്യസ്ത പദ്ധതികൾക്ക് സംഗമം അന്തിമ രൂപം നൽകി.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസി. അർഷദ് അൽഹികമി താനൂർ അധ്യക്ഷനായി. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി കെ അശ്റഫ് മുഖ്യപ്രഭാഷണം നിർവഹിച്ചു. വിസ്ഡം സംസ്ഥാന വൈസ് പ്രസി. അബ്ദുൽ മാലിക് സലഫി, സംസ്ഥാന സെക്ര. സി.പി സലീം, ശിഹാബ് എടക്കര, മുജാഹിദ് ബാലുശ്ശേരി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്ര. ടി മുഹമ്മദ് ശമീൽ, ഡോ. അബ്ദുല്ല ബാസിൽ സി.പി, ഡോ. ഷഹബാസ് കെ അബ്ബാസ്, അസ്ഹർ അബ്ദുറസാഖ്, അബ്ദുൽ മാജിദ് ചുങ്കത്തറ, സ്വഫ്‌വാൻ ബറാമി അൽഹികമി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. റഹീസ് കാസർഗോഡ്, അബ്ബാസ് കണ്ണൂർ, അർഷദ് ചെറുവാടി, ദാനിഷ് വണ്ടൂർ, സജീർ കാരാപറമ്പ്, ആദിൽ തൃശൂർ, ആഷിക് കോതമംഗലം, അമാനുള്ള കൊല്ലം, സമീർ തിരുവനന്തപുരം എന്നിവർ സംസാരിച്ചു.

# പൈശാചികതയിലേക്കു നയിക്കുന്ന ലഹരി

തലയിലെ ട്യൂമറിന് ശസ്ത്രക്രിയ കഴിഞ്ഞ് സഹോദരിയുടെ വീട്ടിൽ വിശ്രമത്തിലായിരുന്ന, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി പുതുപ്പാടിയിലെ സുബൈദ എന്ന സഹോദരി ദാരുണമായി കൊല്ലപ്പെട്ട വാർത്ത മനഃസാക്ഷിയുള്ളവരെയെല്ലാം വല്ലാതെ വേദനിപ്പിച്ചതാണ്. പൊന്നുപോലെ നോക്കി വളർത്തിയ സ്വന്തം മകനാണല്ലോ ഈ കടുംകൈ ചെയ്തത് എന്നതോർക്കുമ്പോൾ വേദനയുടെ ആഴം വർധിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് മൂന്നുപേരെ ഒരു യുവാവ് കുത്തിക്കൊന്നതും നമ്മൾ അറിഞ്ഞതാണ്.

കൊലപാതകങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നു നമ്മുടെ നാട്ടിൽ. രാഷ്ട്രീയ കൊലപാതകങ്ങൾക്ക് ഏതാണ്ട് അറുതിവന്നിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന മിക്ക കൊലപാതകങ്ങളിലെയും പ്രതികൾ ലഹരിക്ക് അടിമപ്പെട്ടവരാണ്. അയൽപക്കത്തുനിന്നും മറ്റെന്തോ ആവശ്യത്തിനെന്നു പറഞ്ഞ് വാങ്ങിയ വെട്ടുകത്തികൊണ്ട് സ്വന്തം മാതാവിന്റെ കഴുത്ത് വെട്ടിമുറിക്കാൻ ആ യുവാവിന് ധൈര്യം നൽകിയതും ക്രൂരനാക്കിയതും അവന്റെ രക്തത്തിലലിഞ്ഞ ലഹരിയാണ്.

മയക്കുമരുന്ന് നമ്മുടെ നാട്ടിൽ നിരോധിക്കപ്പെട്ടതാണ്. അത് വിൽക്കാനോ ഉപയോഗിക്കാനോ പാടില്ല. കണ്ടെത്തിയാൽ പോലീസിന്റെ പിടിയിലാകും. ബ്രൗൺഷുഗർ, കഞ്ചാവ്, ഹഷീഷ്, ഹെറോയിൻ, കറുപ്പ് തുടങ്ങിയ ലഹരി പദാർഥങ്ങളെക്കാൾ എത്രയോ മടങ്ങ് ലഹരി പകരുന്ന, പല രൂപത്തിൽ ഉപയോഗിക്കാൻ കഴിയുന്ന, ഒന്നോ രണ്ടോ ചെറുതരി ഉപയോഗിച്ചാൽതന്നെ ദിവസങ്ങളോളം ലഹരി തലയിൽനിന്നിറങ്ങാത്ത, ഒരിക്കൽ ഉപയോഗിച്ചാൽ തന്നെ അഡിക്റ്റാക്കി മാറ്റുന്ന ലഹരി പദാർഥങ്ങളാണ് പുതുതലമുറ ഉപയോഗിക്കുന്നത്. സ്കൂൾ, കോളേജ് വിദ്യാർഥി-വിദ്യാർഥിനികളെ ലക്ഷ്യമാക്കി ലഹരി മാഫിയകൾ സജീവമാണ്.

ഭരണാധികാരികളും നിയമപാലകരും ഇതൊന്നും അറിയാത്തവരല്ല. വല്ലപ്പോഴും ബോധവൽക്കരണം നടത്തിയാൽ, ആരെങ്കിലും ഒറ്റുകൊടുക്കുന്നതിനാൽ മാത്രം മയക്കുമരുന്നുകൾ പിടിച്ചെടുത്താൽ ഉത്തരവാദിത്തം തീരുന്നില്ല. ഒരു കിലോ കഞ്ചാവ് പിടികൂടിയാൽ അത് എഫ്ഐആറിൽ അഞ്ചു ഗ്രാം മാത്രമായി മാറുന്ന മാജിക് ഇവിടെ നടക്കുന്നുണ്ട്. പണത്തിനു മേൽ പരുന്തും പറക്കില്ല എന്നാണല്ലോ. മുകളിൽനിന്ന് വിളി വന്നാലും ആ മാജിക് നടക്കും.

ഭരണകൂടവും പോലീസ് ഡിപ്പാർട്ടുമെന്റും എക്സൈസ് വകുപ്പും കോടതികളും സമൂഹവും ലഹരി വിമുക്ത കേരളത്തിനായി ഒന്നിച്ചു നിന്നാൽ ഒരു പരിധിവരെ അതിനു തടയിടാൻ കഴിയുമെന്നതിൽ സംശയമില്ല. കുറ്റവാളികളെ ഏതാനും ദിവസത്തെ ജയിൽ സുഖവാസത്തിനു വിധിച്ചതുകൊണ്ട് കാര്യമില്ലെന്ന് കോടതികൾ മനസ്സിലാക്കണം. കഠിനമായ ശിക്ഷ കിട്ടുമെന്ന ഉറച്ച ബോധ്യമുണ്ടെങ്കിലേ കുറ്റവാളികൾ അടങ്ങൂ. ഗൾഫ് രാജ്യങ്ങൾ ഇതിന് മികച്ച ഉദാഹരണമാണ്.

വ്യക്തികളെയും കുടുംബത്തെയും സമൂഹത്തെയും ദുഷിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന സകലവിധ ലഹരി വസ്തുക്കളെയും ഇസ്‌ലാം നിഷിദ്ധമാക്കിയിരിക്കുന്നു; ലഹരിബാധിക്കാത്തത്ര ചെറിയ അളവാണെങ്കിൽ പോലും. കാരണം, ഇസ്‌ലാം മനുഷ്യനെ ആദരിക്കുന്നു. ലഹരിയിൽ മുങ്ങി ജീവിതം തുലക്കാൻ മനുഷ്യനെ ഇസ്‌ലാം അനുവദിക്കുന്നില്ല. ലഹരിയിൽ അലിഞ്ഞുതീരാനുള്ളതല്ല മനുഷ്യന്റെ ജീവിതം.

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: “അല്ലാഹുവിന്റെ ദൂതർ(സ്വ) പറയുന്നത് ഞാൻ കേട്ടു: ‘മദ്യം നീചവൃത്തികളുടെ മാതാവും വൻപാപവുമാണ്. വല്ലവരും അത് കുടിച്ചാൽ അവന്റെ മാതാവിന്റെയും സഹോദരിയുടെയും മാതൃസഹോദരിയുടെയും മേൽ അവൻ വീണെന്നിരിക്കും.”അബുദ്ദർദാഇ(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: “എന്റെ ഇഷ്ടഭാജനമായ നബി(സ്വ) എന്നോട് വസിയ്യത്ത് ചെയ്തു: ‘താങ്കൾ മദ്യം കുടിക്കരുത്. കാരണം അത് എല്ലാ തിന്മകളുടെയും താക്കോലാകുന്നു, തീർച്ച.”

ഉമ്മു മിസ്‌യാൽ
മൊറയൂർ



# സലഫി മൻഹജ്; വ്യതിയാനങ്ങളിൽ നിന്നുള്ള സുരക്ഷ

'മൻഹജുസ്സലഫ്' എന്നതിൽ രണ്ടു പദങ്ങളാണുള്ളത്; 'മൻഹജ്' എന്നും 'സലഫ് എന്നും.' 'മൻഹജ്' എന്നതിന് 'മാർഗം' എന്നും 'സലഫ്' എന്നതിന് 'മുൻഗാമി' എന്നുമാണ് അർഥം. 'മൻഹജുസ്സലഫ്' എന്നതിന് 'മുൻഗാമികളുടെ മാർഗം' എന്നർഥം. മുൻഗാമികൾ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്, ഉത്തമരായ ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ സച്ചരിതരാണ്. അവരെ സംബന്ധിച്ച നബി(സ്വ) പുകഴ്ത്തിപ്പറഞ്ഞത് ഇപ്രകാരമാണ്: 'ജനങ്ങളിൽ ഏറ്റവും നന്മയുള്ളവർ എന്റെ തലമുറയാണ്. പിന്നീട് അതിനോടടുത്തവർ, പിന്നീട് അതിനോടടുത്തവർ.'

മതപരമായി ഏറ്റവും നന്മയുള്ളവർ എന്ന് നബി(സ്വ) ഇവരെ വിശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ മതപരമായ ഏത് വിഷയത്തിലും അവർ സമ്പൂർണ മാതൃകകളാണ് എന്നാണ് അതിനർഥം. മതപരമായ സർവ നന്മകളും അവരിൽ സമ്മേളിച്ചിട്ടുണ്ട്. വിശുദ്ധ പ്രമാണങ്ങളെ ശരിയാംവണ്ണം ഗ്രഹിച്ചവരും അത് സ്വജീവിതത്തിൽ പകർത്തിയവരുമാണ് അവർ. അതിനാൽതന്നെ പ്രമാണങ്ങളെ ഗ്രഹിക്കുന്നതിൽ അവർ സ്വീകരിച്ച നിലപാടുകൾക്ക് വലിയപ്രാധാന്യമുണ്ട്. അറിയപ്പെട്ട നാല് മദ്ഹബിന്റെ ഇമാമുകളും നൂറുകണക്കിന് ഹദീസ് പണ്ഡിതന്മാരും ജീവിച്ച നൂറ്റാണ്ടുകളാണ് ഇത്.

ഈ മൂന്ന് തലമുറയിലെ പ്രഥമരാണ് പ്രവാചകന്റെ സഹചാരികളായിരുന്ന സ്വഹാബത്ത്. വിശുദ്ധ ഖുർആനിലും മുൻ വേദഗ്രന്ഥങ്ങളിലും സ്വഹാബത്തിനെ കുറിച്ച് വന്ന വിശേഷണങ്ങൾ നിരവധിയാണ്. അല്ലാഹു പറയുന്നു: "മുഹാജിറുകളിൽനിന്നും അൻസ്വാറുകളിൽനിന്നും ആദ്യമായി മുന്നോട്ടു വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരി ക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവൻ അവർക്ക് ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. എത്ര മഹത്തായ വിജയം" (ഖുർആൻ 9:100).

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചുകൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ടു വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു"(48:29).

മുൻ വേദങ്ങളിൽ പോലും പുകഴ്ത്തപ്പെട്ടവരാണ് റസൂലിന്റെ സ്വഹാബത്ത് എന്നും സർവ പ്രവാചകന്മാരുടെ അനുയായികളെക്കാളും ശ്രേഷ്ഠരാണ് എന്നും ഈ ആയത്തുകൾ വ്യക്തമാക്കുന്നത്.

ഇനി അവരുടെ വിശ്വാസത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു: "നിങ്ങൾ ഈ വിശ്വസിച്ചതുപോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു"(2:137).

സ്വഹാബത്തിന്റെ വിശ്വാസവും പ്രവർത്തനവുമെല്ലാം അല്ലാഹു തൃപ്തിപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ അല്ലാഹുവിന്റെ കല്പന അവരെ പിൻപറ്റാനാണ്. സ്വഹാബത്തിനെ പ്രശംസിച്ചുകൊണ്ടുള്ള വേറെയും ഒരുപാട് ആയത്തുകൾ വിശുദ്ധ ഖുർആനിൽ കാണാം.

സ്വഹാബത്തിന്റെ മഹത്ത്വം പറയുന്ന ധാരാളം നബിവചനങ്ങളും കാണാം. അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(റ) പറയുന്നു: "അല്ലാഹു തന്റെ അടിമകളുടെ ഹൃദയങ്ങളിലേക്ക് നോക്കി. നബി(സ്വ)യുടെ ഹൃദയത്തെ ഏറ്റവും നല്ല ഹൃദയമായി അല്ലാഹു കണ്ടു. അങ്ങനെ അദ്ദേഹത്തെ തനിക്ക് വേണ്ടി തെരഞ്ഞെടുക്കുകയും പ്രവാചകനായി നിയോഗിക്കുകയും ചെയ്തു. പിന്നീട് പ്രവാചകന്റെതല്ലാത്ത മറ്റു അടിമകളുടെ ഹൃദയങ്ങളിലേക്ക് നോക്കി. അപ്പോൾ പ്രവാചകന്റെ അനുയായികളുടെ ഹൃദയം ഏറ്റവും നല്ല ഹൃദയമായി കണ്ടു. അവരെ പ്രവാചകന്റെ സഹായികളായും അവന്റെ ദീനിന്റെ പ്രചാരണത്തിനായി പോരാടുന്നവരായും അല്ലാഹു മാറ്റി..." (അഹ്മദ്: 3600).

നബി(സ്വ) പറഞ്ഞു: "നിങ്ങൾ ഉഹ്ദ് മലയോളം സ്വർണം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചാലും സ്വഹാബത്ത് ചെലവഴിച്ചതിന്റെ ഒരു മുദ്ദോ അതിന്റെ പകുതിയോ എത്തുകയില്ല."

ഇങ്ങനെയുള്ള സ്വഹാബത്താണ് നമ്മുടെ വിശ്വാസ, ആചാര, കർമങ്ങളിൽ നമ്മുടെ മാതൃക. കാരണം ഈ സമുദായത്തിലെ ഏറ്റവും വലിയ വിജ്ഞാനികളും ഗവേഷകരുമാണവർ. പ്രമാണങ്ങളെ എങ്ങനെ ഗ്രഹിക്കണം എന്നത് സ്വഹാബത്തിനാണ് കൂടുതൽ അറിയുക. അതുകൊണ്ടാണ് പിഴച്ച കക്ഷികളായ ഖവാരിജുകൾ തങ്ങളുടെ വികല ആദർശം സ്ഥാപിക്കാനായി 'വിധി കർതൃത്വം അല്ലാഹുവിന് മാത്രം' എന്ന ആയത്ത് ഓതിയപ്പോൾ അലി(റ) ഇപ്രകാരം പറഞ്ഞത്: 'പറഞ്ഞ വാക്ക് സത്യമാണ്. പക്ഷേ, ഉദ്ദേശ്യം വഴികേടാണ്.'

ഇതിൽനിന്ന് നാം ഗ്രഹിക്കുന്ന സംഗതി, ക്വുർആനിനെയും ഹദീസിനെയും സ്വഹാബത്തിന്റെയും മുൻഗാമികളുടെയും മാർഗം സ്വീകരിച്ചുകൊണ്ടല്ലാതെ ഗ്രഹിക്കാൻ ശ്രമിക്കുമ്പോൾ വഴികേടിൽ ആ പതിക്കും എന്നതാണ്. കാരണം ക്വുർആനാകട്ടെ, ഹദീസാകട്ടെ, അത് ഏതു വിഷയത്തിൽ അവതരിച്ചു, നബി(സ) എപ്പോൾ പറഞ്ഞു എന്നതെല്ലാം സ്വഹാബത്തിന് പൂർണ ബോധ്യമുണ്ട്. പിൽകാലക്കാർക്ക് അത് പലപ്പോഴും അജ്ഞാതമായിരിക്കും. അതിനാൽ തന്നെ ഭിന്നത ഉടലെടുക്കുകയും ചെയ്യും.

സ്വഹാബത്തിന്റെ മൻഹജ് കൈവെടിഞ്ഞതാണ് ലോകത്ത് വ്യതിയാന കക്ഷികൾ ഉടലെടുക്കാനുള്ള അടിസ്ഥാന കാരണം. ഒന്നാമത്തെ വ്യതിയാന കക്ഷിയായ ഖവാരിജുകൾ ക്വുർആൻ ദുർവ്യാഖ്യാനിച്ചു കൊണ്ടാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. അവർ നടത്തിയത് ദുർവ്യാഖ്യാനമാണെന്ന് നാം തിരിച്ചറിയുന്നത് സ്വഹാബത്ത് പ്രസ്തുത ആയത്തുകൾക്ക് നൽകിയ വിശദീകരണം നോക്കിക്കൊണ്ടാണ്. ശിയാക്കളും അവരുടെ പിഴച്ച വാദങ്ങൾ സ്ഥാപിച്ചെടുക്കാൻ പ്രമാണങ്ങളെ ദുർവ്യാഖ്യാനിക്കുന്നവരാണ്. ക്വദ്‌രികളും മുഅ്തസിലികളും അശ്അരികളും സ്വൂഫികളുമെല്ലാം ഇതേ പണി ചെയ്യാറുണ്ട്.

ഈ പിഴച്ച കക്ഷികൾ ഉദ്ധരിക്കുന്ന സർവ പ്രമാണങ്ങളും സ്വഹാബത്തും സലഫുകളും കണ്ടതും പഠിച്ചതുമാണ്. എന്നിട്ടും ഇവരുടെ പിഴച്ച വാദങ്ങൾ അവരാരും പറഞ്ഞില്ല എന്നത് ഈ പിഴച്ച കക്ഷികൾ മനസ്സിലാക്കിയത് പോലെയല്ല പ്രസ്തുത പ്രമാണങ്ങളെ സലഫുകൾ മനസ്സിലാക്കിയത് എന്നതിന് തെളിവാണല്ലോ.

കേരളത്തിലെ വ്യതിയാന കക്ഷികളെ പരിശോധിച്ചാലും മൻഹജുസ്സലഫിൽനിന്ന് വ്യതിചലിച്ചതാണ് അവരുടെ വ്യതിയാന കാരണമെന്ന് വ്യക്തമാകും. അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കാൻ ഒരു തെളിവും ഇസ്‌ലാമിക പ്രമാണങ്ങളിൽ ഇല്ലാതിരിക്കെ, പുരോഹിതന്മാർ നിരവധി ആയത്തുകൾ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കാൻ ഉദ്ധരിക്കാറുണ്ട്.

കൊട്ടപ്പുറം സംവാദത്തിൽ സമസ്തയുടെ മുസ്‌ലിയാർ ഓതിയ 'നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് നീ ചോദിച്ചു നോക്കുക' എന്ന് തുടങ്ങുന്ന സൂറതുസ്സുഖ്‌റുഫിലെ 45ാമത്തെ ആയത്ത് ഒരു ഉദാഹരണമാണ്.

പ്രവാചകന് മുമ്പ് കഴിഞ്ഞവരെല്ലാം മരിച്ചവരാണല്ലോ. മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരുടെ സമുദായങ്ങളോട് ചോദിക്കാനാണ് ഇവിടെ നിർദേശിക്കപ്പെട്ടിട്ടുള്ളത് എന്നാണ് അബ്ദുല്ലാഹ് ഇബ്നു മസ്ഊദി (റ)ൽനിന്ന് ഉദ്ധരിക്കപ്പെടുന്ന അഭിപ്രായം (ഇബ്നു കസീർ). അപ്പോൾ സ്വഹാബത്തും സലഫുകളും ഈ രീതിയിലാണ് പ്രസ്തുത ആയത്തിനെ മനസ്സിലാക്കിയിട്ടുള്ളത്. അതിനാൽ സമസ്തക്കാരുടെത് ദുർവ്യാഖ്യാനമാണെന്നത് വ്യക്തം.

ക്വുർആനിലെ പ്രഥമ അധ്യായമായ ഫാതിഹയിലെ മൂലവചനമായ 'ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ' എന്ന ആയത്തിൽ പരാമർശിക്കപ്പെട്ട 'ഇബാദത്തി'ന് ആരാധന, അനുസരണം, അടിമവേല എന്നീ മൂന്ന് അർങ്ങളും ഒരുപോലെ പരിഗണിക്കണം എന്നാണ് മൗദൂദി കണ്ടെത്തിയ വാദം. അതേസമയം ഈയൊരു വാദം സ്വഹാബത്തിനോ സലഫുകൾക്കോ പരിചിതമല്ലെന്ന് മാത്രമല്ല മൗദൂദിക്കു മുമ്പ് ലോകത്തൊരാളും ഈ വാദം പറഞ്ഞിട്ടുമില്ല. അപ്പോൾ ജമാഅത്തെ ഇസ്‌ലാമി മുന്നോട്ടു വെക്കുന്ന ഈ ആയത്തിന്റെ ആശയം സ്വഹാബത്തിനോ സലഫുകൾക്കോ പരിചയമില്ലാത്തതാണെന്നും മൗദൂദി നടത്തിയത് തനിച്ച ദുർവ്യാഖ്യാനമാണെന്നും വ്യക്തം. അല്ലാഹു അല്ലാത്തവരെ അനുസരിക്കണമെന്നും വിശ്വാസികളായ അടിമകൾ ഉണ്ട് എന്നും ക്വുർആൻ തന്നെ പ്രഖ്യാപിക്കുന്നുണ്ട് എന്നതും ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

ഭക്തിപ്രസ്ഥാനമായി അറിയപ്പെടുന്ന തബ്‌ലീഗ് ജമാഅത്തും സലഫി മൻഹജിൽ നിന്നും ബഹുദൂരം വഴിമാറി സഞ്ചരിക്കുന്നവരാണ്. അശ്അരിയത്തിന്റെ പിഴച്ച വിശ്വാസങ്ങളും സ്വൂഫിസത്തിന്റെ വ്യതിയാന ങ്ങളും ആദർശമായി കൊണ്ടുനടക്കുന്നവരാണ് ഇവർ. അല്ലാഹു സർവവ്യാപിയാണെന്നും 40 ദിവസം പ്രത്യേകമാക്കി ജമാഅത്തിനു പോകാൻ പ്രമാണങ്ങൾ ഉണ്ടെന്നും ഇവർ വാദിക്കാറുണ്ട്. സത്യത്തിൽ ഇവരുടെ ഈ

> ഫാതിഹ സൂറത്തിലെ 'ഇയ്യാക്ക നഅ്ബുദു വഇയ്യാക നസ്തഈൻ' എന്ന ആയത്ത് ദുർവ്യാഖ്യാനിച്ചു കൊണ്ടാണ് സിഡി ടവർ വിഭാഗം മുജാഹിദുകളുടെമേൽ ശിർക്കാരോപിക്കുന്നത്. മനുഷ്യൻ മനുഷ്യനോട് തേടുന്ന സഹായങ്ങൾവരെ ഒരുകാലത്ത് ശിർക്കായിരുന്നുവെന്ന വിചിത്രമായ വാദമാണ് ഇവർ പറയുന്നത്. സ്വഹാബത്തിനോ സലഫുകൾക്കോ പരിചയമില്ലാത്ത ഒരു നൂതനവാദമാണെന്നതിന് പുറമെ നിരവധി പ്രമാണങ്ങൾക്ക് വിരുദ്ധവുമാണിത്. സ്വഹീഹായ ഹദീസുകളെവരെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരെ കൂട്ടുപിടിച്ച് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതിനെ തള്ളാനും കൊള്ളാനും കഴിയാത്ത വല്ലാത്ത ഒരു പ്രതിസന്ധിയിലാണിവർ.

വാദങ്ങൾക്ക് പ്രമാണങ്ങളിൽ അടിസ്ഥാനമില്ല എന്ന് മാത്രമല്ല ഈ വാദങ്ങളെ തകർക്കുന്ന രീതിയിലാണ് പ്രമാണങ്ങളിൽ നാം കാണുന്നത്..

2002ൽ മുജാഹിദ് പ്രസ്ഥാനത്തിൽനിന്ന് ആദർശപരമായും സംഘടനാപരമായുമുള്ള പ്രശ്നങ്ങളാൽ പുറത്തുപോയ മർകസുദ്ദഅ്‌വ വിഭാഗം സലഫി മൻഹജിനെ അംഗീകരിക്കുന്നില്ല എന്ന് മാത്രമല്ല അതിനെ അഞ്ചാം മദ്ഹബായും ഗൾഫ് ഇറക്കുമതിയായും ആറാം വിരലായും പറഞ്ഞു പരിഹസിക്കാറുമുണ്ട്. ക്വുർആനും ബുദ്ധിയുമാണ് ഒന്നാം പ്രമാണമെന്നും ബുദ്ധിക്ക് നിരക്കാത്ത പ്രമാണങ്ങളെയെല്ലാം തള്ളിക്കളയണമെന്നും ഇവർ വാദിക്കാറുണ്ട്. തങ്ങളുടെ വികലവാദങ്ങൾ സ്ഥാപിക്കാനും പ്രമാണങ്ങളെ നിഷേധിക്കാനും കടുത്ത പ്രമാണ ദുർവ്യാഖ്യാനമാണ് ഇവർ നടത്താറുള്ളത്. ലബീദ് ബ്നു അഅ്സം എന്ന് പേരുള്ള ഒരു ജൂതൻ മാരണം ചെയ്തതിനാൽ നബി(സ്വ)ക്ക് ചില പ്രയാസങ്ങൾ ഉണ്ടായി എന്നത് ഹദീസ് ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ടുവന്ന കാര്യമാണ്. ഒരു മനുഷ്യൻ എന്ന നിലയിൽ പ്രവാചകന്മാരിൽ സംഭവിച്ചേക്കാവുന്ന ഈ കാര്യത്തിൽ പ്രവാചകത്വത്തിന് ഭംഗം വരുത്തുന്ന ഒന്നുമില്ല എന്നിരിക്കെ മുസ്‌ലിം ലോകം നൂറ്റാണ്ടുകളായി സ്വീകരിച്ചുവരുന്ന പ്രസ്തുത ഹദീസിനെ ക്വുർആൻ വിരുദ്ധമാണെന്നും മറ്റും പറഞ്ഞു തള്ളിക്കളയുന്നതിന് അവർ ക്വുർആൻ ആയത്തുകൾ ഉദ്ധരിക്കുന്നു എന്നത് മുൻഗാമികൾ ഗ്രഹിക്കാത്ത ആശയമാണ് പ്രസ്തുത ആയത്തുകൾക്ക് അവർ കൽപിക്കുന്നത് എന്ന് വ്യക്തമാവുന്നു. അപ്രകാരംതന്നെ 'സ്വിറാത്ത് പാലം' ക്വുർആൻ വിരുദ്ധമാണെന്ന് ജൽപിച്ചുകൊണ്ട് കാഫിറുകളുടെ വിഷയത്തിൽ വന്ന ആയത്തുകൾ ഉദ്ധരിച്ച് അതിനെ നിഷേധിക്കുന്നു. സ്വഹീഹായ നൂറുകണക്കിന് ഹദീസുകളെ സ്വന്തം ഗവേഷണങ്ങൾ നടത്തി തള്ളിക്കളയുന്ന ഈ വിഭാഗവും സലഫി മൻഹജിൽ നിന്ന് വളരെ വിദൂരത്താണ്.

ഫാതിഹ സൂറത്തിലെ 'ഇയ്യാക്ക നഅ്ബുദു വഇയ്യാക നസ്തഈൻ' എന്ന ആയത്ത് ദുർവ്യാഖ്യാനിച്ചു കൊണ്ടാണ് സിഡി ടവർ വിഭാഗം മുജാഹിദുകളുടെമേൽ ശിർക്കാരോപിക്കുന്നത്. മനുഷ്യൻ മനുഷ്യനോട് തേടുന്ന സഹായങ്ങൾവരെ ഒരുകാലത്ത് ശിർക്കായിരുന്നുവെന്ന വിചിത്രമായ വാദമാണ് ഇവർ പറയുന്നത്. സ്വഹാബത്തിനോ സലഫുകൾക്കോ പരിചയമില്ലാത്ത ഒരു നൂതനവാദമാണെന്നതിന് പുറമെ നിരവധി പ്രമാണങ്ങൾക്ക് വിരുദ്ധവുമാണിത്. സ്വഹീഹായ ഹദീസുകളെവരെ നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരെ കൂട്ടുപിടിച്ച് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതിനെ തള്ളാനും കൊള്ളാനും കഴിയാത്ത വല്ലാത്ത ഒരു പ്രതിസന്ധിയിലാണിവർ. മുൻഗാമികളുടെ പ്രമാണങ്ങളോടുള്ള സത്യസന്ധമായ നിലപാടിന് വിരുദ്ധമാണ് ഈ വിഭാഗത്തിന്റെ ആദർശം.

പ്രമാണങ്ങൾ സ്വീകരിക്കുമ്പോൾ മൻഹജുസ്സലഫ് പരിഗണിക്കാതിരുന്നാൽ വ്യതിയാനം സംഭവിക്കും എന്നതിന് നിരവധി ഉദാഹരണങ്ങളാണ് മുകളിൽ നാം കണ്ടത്. അതിനാൽ വഴിതെറ്റാതിരിക്കാൻ സലഫിന്റെ മാർഗം സ്വീകരിക്കൽ മാത്രമാണ് പോംവഴി. സത്യത്തിന്റെ ഒരേയൊരു വഴിയിൽ തെറ്റാതെ സഞ്ചരിക്കുമ്പോഴാണ് വ്യതിയാനങ്ങളിൽനിന്ന് രക്ഷപ്പെടുക.

അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചു കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (6:153). ■

ഡോ. ഷഫ്ബാസ് കെ അബ്ബാസ്
: 95449 08473

വെളുപ്പും സൗന്ദര്യവും യാതൊരു ധാരണാപത്രത്തിലും ഒപ്പു വെച്ചിട്ടില്ല. കറുത്തവൻ എന്നും കൊള്ളരുതാത്തവനും വെറുക്കപ്പെടേണ്ടവനും, വെളുത്തവൻ എല്ലാവരാലും അംഗീകരിക്കപ്പെടുന്നവനും സ്വീകരിക്കപ്പെടുന്നവനുമായി മാറിയത് എങ്ങനെയാണ് എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ഒരാൾ വെളുത്ത നിറത്തിലാവുന്നത് അയാളുടെ മേന്മ കൊണ്ടല്ല, കറുക്കുന്നത് അയാളുടെ പോരായ്മ കൊണ്ടുമല്ല.

# കറുപ്പിനെന്താ കുഴപ്പം?

കറുപ്പിനെ വെറുപ്പിന്റെ പര്യായമായി കാണുകയും വെളുപ്പിനെ സൗന്ദര്യത്തിന്റെ മാനദണ്ഡമായി നിശ്ചയിക്കുകയും ചെയ്യുന്ന, ചരിത്രാതീതകാലം മുതൽക്കേയുള്ള അന്ധതയിൽ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മനുഷ്യകുലം തപ്പിത്തടയുകയാണ്. കുറച്ചു ദിവസങ്ങൾക്കു മുമ്പാണ് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ 19 വയസ്സ് പ്രായമുള്ള ഒരു നവവധു, നിറത്തെ ചൊല്ലിയുള്ള വിവേചനത്തിന്റെ പേരിൽ മനംനൊന്ത് ആത്മഹത്യ ചെയ്തത്. പെൺകുട്ടിക്ക് കുറച്ച് ഇരുണ്ട നിറമായിപ്പോയി എന്നതിന്റെ പേരിൽ ഭർത്താവും ഭർതൃവീട്ടുകാരും നിരന്തരം അവളെ മാനസികമായി ക്രൂശിച്ചതാണ് ആത്മഹത്യക്ക് കാരണമായത് എന്നാണ് വിലയിരുത്തൽ.

ഇത്തരം 'ഒറ്റപ്പെട്ട സംഭവങ്ങൾ' നിരന്തരം ആവർത്തിക്കുന്നത്



സൗന്ദര്യസങ്കല്പങ്ങളിലെ മലയാളിയുടെ 'പ്രബുദ്ധത'യെ വിളിച്ചോതുന്നുണ്ട്. കുറച്ചുകാലം കാണാത്ത ഒരു സുഹൃത്തിനെ പിന്നീട് കാണുമ്പോൾ, നാം പോലും അറിയാതെ സ്വാഭാവികതയിൽ ചോദിക്കാറുള്ള ചില കുശലാന്വേഷണ ങ്ങളുണ്ട്; 'നീയാകെ തടിച്ചു കൊഴുത്തല്ലോ, മെലിഞ്ഞു കോലുപോലെയായല്ലോ, പെൻസിൽ പോലെ നീളം കൂടിയല്ലോ, പല്ലുന്തി ആകെ ബോറായിട്ടുണ്ടല്ലോ, മുടി എന്താ മുള്ളൻപന്നിയെപ്പോലെ, ഈ കഷണ്ടി കാണുമ്പോൾ നല്ല പ്രായം തോന്നിക്കുന്നുണ്ട്; മൂത്തോള് വെളുത്തിട്ടാ, ഇവൾക്ക് തീരെ നിറമില്ല' ഇങ്ങനെ തുടങ്ങി ആ വ്യക്തി ഒരിക്കലും കേൾക്കാൻ ആഗ്രഹിക്കാത്ത, ഹൃദയത്തിൽ തറയ്ക്കുന്ന കമന്റുകൾ പറഞ്ഞുകൊണ്ടായിരിക്കും പല സംഭാഷണങ്ങളും ആരംഭിക്കുന്നത്.

ചെറുപ്പം മുതലേ പല സമയങ്ങളിൽ തന്നെക്കുറിച്ച് കേട്ടിട്ടുള്ള ഇത്തരം സംസാരങ്ങൾ ഉണ്ടാക്കിയ, ആ ഉണങ്ങിക്കൊണ്ടിരിക്കുന്ന മുറിവിനെ കൂടുതൽ ആഴമുള്ളതാക്കാനും പലപ്പോഴും വലിയ മാനസിക സംഘർഷത്തിലേക്കും ഒരുവേള ആത്മഹത്യാ പ്രവണതയിലേക്ക് പോലും അവരെ എത്തിക്കാനും അത് കാരണമാവുകയും ചെയ്യും. സോഷ്യൽ മീഡിയയിൽ നാം കാണുന്ന ഒരു പോസ്റ്റിന് ലൈക്ക് കൊടുക്കണോ വേണ്ടയോ എന്ന് ചിന്തിക്കുന്നത് മുതൽ, എല്ലാത്തിനെയും വിമർശനബുദ്ധിയോടെ മാത്രം വിലയിരുത്തുന്ന ഈ സ്വഭാവം നാം പോലും അറിയാതെ നമ്മിലേക്ക് കടന്നുവരികയാണ്. എന്നാൽ, ചിലപ്പോഴെങ്കിലും കൂടെയുള്ളവരെ ചിരിപ്പിക്കാൻ വേണ്ടി നാം പറയുന്ന കേവലം ചില വാക്കുകൾ മൂലമുണ്ടായേക്കാവുന്ന ചെറുതും വലുതുമായ ആഘാതങ്ങളെപ്പറ്റി നാം ഓർക്കാറേയില്ല.

### കറുപ്പെന്ത് ദ്രോഹമാണ് ചെയ്തത്?

വെളുപ്പും സൗന്ദര്യവും യാതൊരു ധാരണാപത്രത്തിലും ഒപ്പു വെച്ചിട്ടില്ല. കറുത്തവൻ എന്നും കൊള്ളരുതാത്തവനും വെറുക്കപ്പെടേണ്ടവനും വെളുത്തവൻ എല്ലാവരാലും അംഗീകരിക്കപ്പെടുന്നവനും സ്വീകരിക്കപ്പെടുന്നവനുമായി മാറിയത് എങ്ങനെയാണ് എന്ന് നാം പരിശോധിക്കേണ്ടതുണ്ട്. ഒരാൾ വെളുത്ത നിറത്തിലാകുന്നത് അയാളുടെ മേന്മ കൊണ്ടല്ല,

കറുക്കുന്നത് അയാളുടെ പോരായ്മ കൊണ്ടുമല്ല. 'വെളുത്തു തുടുത്തവൻ' ഒരു സദസ്സിലേക്ക് വരുമ്പോൾ ലഭിക്കുന്ന പരിഗണന 'കറുത്തു തുടുത്തവൻ' വരുമ്പോൾ ലഭിക്കാത്തത് നമ്മുടെ ശരീരസാക്ഷരത എവിടെ എത്തിനിൽക്കുന്നു എന്നത് ചൂണ്ടിക്കാണിക്കുന്നു. കറുപ്പ് ഒരു വർഗമല്ല എന്നും ഒരുപാട് വർണങ്ങളുടെ കൂട്ടത്തിലെ ഒരു വർണം മാത്രമാണ് എന്നും നാം പറഞ്ഞുകൊണ്ടേയിരിക്കണം.

ഈ പ്രപഞ്ചത്തെ നയനാനന്ദകരമാക്കുന്നത് അതിലെ വർണവൈവിധ്യങ്ങളാണ്. വെറും ബ്ലാക്ക് & വൈറ്റ് ആയി മാത്രം ഈ ലോകത്തെ കാണുന്നത് നമുക്ക് സങ്കൽപിക്കാൻ പോലുമാവില്ല. ഇനി, യൂറോപ്പിലും ആഫ്രിക്കയിലുമടക്കം ലോകത്തുള്ള എല്ലാ മനുഷ്യരും ഒരേ നിറമുള്ളവരും, ഓരോരുത്തരുടെയും നഖവും മുടിയുമടക്കമുള്ള ശരീരഭാഗങ്ങൾക്ക് പോലും യാതൊരു നിറവ്യത്യാസവും ഇല്ലാത്ത അവസ്ഥയാണെങ്കിലോ? അചിന്തനീയം! പൂമ്പാറ്റകളിലും പക്ഷികളിലും വർണമത്സ്യങ്ങളിലുമുള്ള നിറവൈവിധ്യങ്ങളാണ് അവയെ കൂടുതൽ മനോഹരമാക്കുന്നത്.

കറുത്തതും വെളുത്തതും കറുപ്പും വെളുപ്പും കലർന്നതുമായ ഒട്ടനേകം ജീവജാലങ്ങളെ നാം കാണാറുണ്ട്. ആ നിറഭേദങ്ങൾ അവയ്ക്കിടയിൽ യാതൊരു ആഭ്യന്തരകലഹങ്ങൾക്കോ കുറ്റപ്പെടുത്തലുകൾക്കോ കാരണമാവാറില്ല. എന്നാൽ ബുദ്ധിയും വിവേകവും ഇച്ഛാശക്തിയുമുള്ള മനുഷ്യർക്കിടയിലെ വർണവ്യത്യാസങ്ങൾ അപരവൽക്കരണത്തിനും പാർശ്വവൽക്കരണത്തിനും പരസ്പരമുള്ള കൊടിയ അക്രമങ്ങൾക്കും വരെ വഴിവെക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് സംജാതമായിട്ടുള്ളത്. വാസ്തവത്തിൽ, നമ്മെ സൃഷ്ടിച്ച് സംവിധാനിച്ച അല്ലാഹുവാണ് ഓരോ മനുഷ്യന്റെയും വർണത്തെയും രൂപത്തെയും ആകൃതിയെയും ആയുസ്സിനെയുമെല്ലാം തീരുമാനിക്കുന്നത് എന്ന ബോധ്യമാണ് നമുക്കുണ്ടാവേണ്ടത്.

വെളുപ്പിന് അപ്രമാദിത്വം കൽപിക്കുന്ന സൗന്ദര്യസങ്കല്പം നമ്മുടെ മനസ്സിലേക്ക് കുത്തിവെച്ചത് ആഗോളതലത്തിലുള്ള സൗന്ദര്യവർധക വസ്തുക്കളുടെ (cosmetic industry) കുത്തക കമ്പനികൾ തന്നെയാണ്. വിദ്യാഭ്യാസം, ദാരിദ്ര്യനിർമാർജനം പോലുള്ള പ്രാഥമികമായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന്റെ 10 ഇരട്ടിയോളം കൂടുതൽ തുക, ഇത്തരം വെളുപ്പിക്കാനുള്ള ഉൽപന്നങ്ങൾ മാർക്കറ്റിൽ കച്ചവടം ചെയ്യുന്നതിന് നിക്ഷേപിക്കപ്പെടുന്നു എന്നതാണ് ഓരോ വർഷത്തെയും കണക്കുകൾ പറയുന്നത്. വെളുക്കാനും ചുവക്കാനും പാടുകൾ പോകാനും തേക്കുന്ന ഫെയർനെസ് ക്രീമുകൾ മുതൽ ലിപ്പോസക്ഷൻ, ബ്രെസ്റ്റ് ഓഗ്മെന്റേഷൻ, ഫെയ്സ്‌ലിഫ്റ്റുകൾ തുടങ്ങിയ അത്യാധുനിക സർജറികൾവരെ സൗന്ദര്യവർധനവിനായി ഇന്ന് സാർവത്രികമാണ്.

### ആരാണ് നമ്മുടെ സൗന്ദര്യത്തെ നിർവചിക്കേണ്ടത്?

വെളുപ്പിന് അപ്രമാദിത്വം കൽപിക്കുന്ന ഈ സൗന്ദര്യസങ്കല്പം നമ്മുടെ മനസ്സിലേക്ക് കുത്തിവെച്ചത് ആഗോളതലത്തിലുള്ള സൗന്ദര്യവർധക വസ്തുക്കളുടെ (cosmetic industry) കുത്തക കമ്പനികൾ തന്നെയാണ്. വിദ്യാഭ്യാസം, ദാരിദ്ര്യനിർമാർജനം പോലുള്ള പ്രാഥമികമായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന്റെ 10 ഇരട്ടിയോളം കൂടുതൽ തുക, ഇത്തരം വെളുപ്പിക്കാനുള്ള ഉൽപന്നങ്ങൾ മാർക്കറ്റിൽ കച്ചവടം ചെയ്യുന്നതിന് നിക്ഷേപിക്കപ്പെടുന്നു എന്നതാണ് ഓരോ വർഷത്തെയും കണക്കുകൾ പറയുന്നത്. വെളുക്കാനും ചുവക്കാനും പാടുകൾ പോകാനും തേക്കുന്ന ഫെയർനെസ് ക്രീമുകൾ മുതൽ ലിപ്പോസക്ഷൻ, ബ്രെസ്റ്റ് ഓഗ്മെന്റേഷൻ, ഫെയ്സ്‌ലിഫ്റ്റുകൾ തുടങ്ങിയ അത്യാധുനിക സർജറികൾവരെ സൗന്ദര്യവർധനവിനായി ഇന്ന് സാർവത്രികമാണ്.

തങ്ങളുടെ സോഷ്യൽ മീഡിയ പ്രൊഫൈലിൽ വരുന്ന സെലിബ്രിറ്റികളും വ്ളോഗർമാരും ഇൻഫ്ളു



വൻസർമാരും പറയുന്നതിനൊപ്പിച്ച് സ്വന്തത്തെക്കുറിച്ച് തന്നെ വലിയ അപകർഷബോധം പേറി നടക്കുകയാണ് പുതിയ തലമുറ. അതുകൊണ്ടാണല്ലോ ഒന്നാം ക്ലാസിൽ പഠിക്കുന്ന പെൺകുട്ടികൾ പോലും സ്കൂളിലെ ഓരോ പീരീഡിനു ശേഷവും, മാഞ്ഞുപോയോ എന്ന ഭയത്താൽ ലിപ്സ്റ്റിക് വീണ്ടും വീണ്ടും ഇട്ടുകൊണ്ടിരിക്കുന്ന അധ്യാപക അനുഭവങ്ങൾ നാം കേട്ടുകൊണ്ടിരിക്കുന്നത്. ഓരോ വർഷവും ഇന്ത്യയിൽ മാത്രം 15 ലക്ഷത്തോളം പുതിയ ക്യാൻസർ കേസുകളാണ് റിപ്പോർട്ട് ചെയ്യുകൊണ്ടിരിക്കു ന്നത്. പുകവലിയും മദ്യപാനവും മാറ്റി നിർത്തിയാൽ, ദൈനംദിന ജീവിതത്തിൽ നിരന്തരം ഉപയോഗിക്കുന്ന സൗന്ദര്യവർധക വസ്തുക്കളിലടക്കം അടങ്ങിയിട്ടുള്ള രാസപദാർഥങ്ങൾ അതിനൊരു പ്രധാന കാരണമാണ് എന്ന് നാഷണൽ സെന്റർ ഫോർ ഡിസീസ് ഇൻഫോർമാറ്റിക്സ് ആൻഡ് റിസർച്ചിന്റെ 2024ലെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഒരു സ്ത്രീ ഗർഭിണിയാകുന്നത് മുതൽ തുടങ്ങുകയാണ് കുഞ്ഞിനെ വെളുപ്പിക്കാനുള്ള മുറവിളികളും വെപ്രാളങ്ങളും. വെളുക്കാനായി പാലിൽ കുങ്കുമപ്പൂ ചാലിച്ച് കഴിക്കുന്നതും വിവിധതരം കോസ്മെറ്റിക് ലേഹ്യങ്ങൾ കഴിക്കലും കാലങ്ങളായി ഏതൊരു അമ്മയ്ക്കും നിർബന്ധമാണ്. ഇനി ആ കുഞ്ഞെങ്ങാനും ഇത്തിരി കറുത്തുപോയാലോ, പിന്നെ സഹതാപതരംഗങ്ങളും കുറ്റപ്പെടുത്തലുകളും ആരംഭിക്കുകയായി. ആ കുഞ്ഞിനെ വെളുപ്പിക്കാനുള്ള ശ്രമങ്ങളാണ് പിന്നീട് കാണാൻ കഴിയുക. ഇങ്ങനെ വെയിലു കൊള്ളിക്കാതെ ശകാരിച്ച്, ഒരു മുഖക്കുരുവിനെ പോലും വെറുതെ വിടാതെ, കൃത്രിമമായ സൗന്ദര്യവർധക വസ്തുക്കൾ ചേർത്ത് വളർത്തിയെടുക്കുന്ന മക്കൾക്ക്, ഭാവിയിലുണ്ടാവുന്ന അപകർഷതാബോധവും അതവരുടെ മനസ്സിൽ വർണവിവേചനത്തിന്റെ പുതുനാമ്പുകൾ വിടരാൻ കാരണമാകുന്നതുമൊന്നും രക്ഷിതാക്കൾ പലപ്പോഴും ചിന്തിക്കാറേയില്ല.

## ഭൂഖണ്ഡങ്ങൾ ഭേദിക്കുന്ന വംശീയത

തൊലി കറുത്തു എന്നതിന്റെ പേരിൽ മാത്രം നടക്കുന്ന അക്രമങ്ങളുടെയും വംശീയതയുടെയും വാർത്തകൾക്ക് ഫുൾ സ്റ്റോപ്പുകൾ വീഴാറില്ല. കൂട്ടുകാർ തമ്മിൽ പരസ്പരമുള്ള കളിയാക്കലുകളിൽ തുടങ്ങി അന്താരാഷ്ട്ര ഫുട്ബോൾ ഗ്രൗണ്ടുകളുടെ ഗ്യാലറിയിൽനിന്ന് ഗ്യാലറിയിലേക്ക് പടർന്നുപിടിച്ച വർണവെറിയുടെ പ്രകടമായ ഉദാഹരണങ്ങൾവരെ നാം കാണുന്നുണ്ട്. ഇന്ത്യയിലെ മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ പല ഐഐടികളിലും സെൻട്രൽ യൂണിവേഴ്സിറ്റികളിലും പോലും സവർണബോധം പേറുന്ന മേധാവികളും വർണത്തെയും ജാതിയെയും ഇന്നും വിവേചനത്തിന്റെ ടൂൾ ആയി കാണുന്ന സഹപാഠികളുമുണ്ട് എന്നത് നാം വിസ്മരിക്കരുത്. ഈ വേർതിരിവുകളും വിഭാഗീയതയുമെല്ലാം മറികടക്കാൻ ഇനിയുമെത്ര രോഹിത് വെമുലമാരുടെ ജീവനാകും ആവശ്യമായി വരിക എന്ന ചോദ്യം മാത്രമാണ് അവശേഷിക്കുന്നത്.

അമേരിക്കയിലെ മിന്നസോട്ടയിൽ ഒരു സവർണനായ

കറുപ്പിനെയും വെളുപ്പിനെയും കുറിച്ചുള്ള നമ്മുടെ വീക്ഷണകോണിലുള്ള വൈരുധ്യം നോക്കൂ. കറുപ്പിനെ വെറുക്കുന്ന നമ്മൾ എന്തുകൊണ്ടാണ് കറുത്ത കഅ്ബയെ അത്രമേൽ വൈകാരികമായി സ്നേഹിക്കുന്നത്? വെളുപ്പിനെ അത്രമേൽ ഇഷ്ടപ്പെടുന്ന നമ്മൾ എന്തുകൊണ്ടാണ് തൂവെള്ള നിറമുള്ള കഫൻ പുടവകളിൽ നിന്നും അകലാൻ ശ്രമിക്കുന്നത്? വെറുപ്പിന്റെ സമവാക്യങ്ങളെ സ്നേഹത്തിന്റെ മറുമരുന്നുകൊണ്ട് പ്രതിരോധിക്കുവാൻ നമുക്ക് കഴിയണം. വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും അംഗീകരിക്കുന്നതോടൊപ്പം വംശീയതയുടെയും വർഗീയതയുടെയും വേരുകൾ പിഴുതെറിയാൻ നാം ഒന്നിക്കേണ്ടതുണ്ട്.

പോലീസ് ഓഫീസറുടെ ബൂട്ടിനടിയിൽ ഞെരിഞ്ഞമർന്ന് പിടഞ്ഞു മരിച്ച ജോർജ് ഫ്ളോയ്ഡ് എന്ന കറുത്തവർഗക്കാരൻ, ശ്വാസം കിട്ടാതെ കരഞ്ഞ് 'I can't breathe' (എനിക്ക് ശ്വസിക്കാൻ കഴിയുന്നില്ല) എന്ന് ആവർത്തിച്ച് പറഞ്ഞതിന്റെ അലയൊലികൾ നമ്മുടെ കർണപുടങ്ങളിൽനിന്ന് അത്ര പെട്ടെന്നൊന്നും മാഞ്ഞുപോകില്ല. റോഡ് മുറിച്ചു കടക്കുന്നവരിൽ ഉണ്ടാകുന്ന അപകടങ്ങളിൽ ഭൂരിഭാഗവും കറുത്ത വർഗക്കാരാണെന്ന് ശ്രദ്ധിച്ചപ്പോൾ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് വന്നത്, വർണവെറിയുടെ മറ്റൊരു പ്രായോഗിക രൂപമായിട്ടാണ് അമേരിക്കയിലെ വെളുത്തവർ അതിനെ കണ്ടിരുന്നത് എന്നതായിരുന്നു. വർഗീയതയുടെ ചളിക്കുണ്ടിൽ മനുഷ്യമസ്തിഷ്കങ്ങൾ എത്രത്തോളം ആഴ്ന്നിറങ്ങിയിട്ടുണ്ട് എന്നതാണ് ഇതെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നത്.

## ഇസ്‌ലാമിന്റെ സമഭാവനയുടെ കാഴ്ചപ്പാട്

മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുന്നില്ല എന്നതാണ് ഇവിടെ അടിസ്ഥാന പ്രശ്നം. കറുത്തവർക്ക് നേരെയുള്ള അക്രമങ്ങൾ അതിന്റെ ഉത്തുംഗതയിൽ എത്തിയിരുന്ന ആറാം നൂറ്റാണ്ടിൽ, പുണ്യപ്രവാചകൻ മുഹമ്മദ്(സ്വ) നടത്തിയ മാനവികതയുടെ മഹിതമായ അധ്യാപനങ്ങൾ നാമിതോട് ചേർത്ത് വായിക്കേണ്ടതുണ്ട്. മനുഷ്യന്റെ ഔന്നത്യത്തിന്റെ അളവുകോൽ അവൻ ആർജിച്ചെടുത്ത ദൈവബോധത്തിന്റെയും ഭയഭക്തിയുടെയും പൂർണതയിലാണ് നിലകൊള്ളുന്നത്.

പ്രവാചകന്റെ വിടവാങ്ങൽ പ്രസംഗത്തിലെ മാനവികതയുടെ വിളംബരമായ വാചകങ്ങൾ എത്ര മനോഹരം: "മനുഷ്യൻ ആദമിൽ നിന്നാണ്. ആദം മണ്ണിൽ നിന്നുമാണ്. അറബിക്ക് അനറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല, ധർമനിഷ്ഠ കൊണ്ടല്ലാതെ.'

കറുത്ത വർഗക്കാരനും അടിമയുമായിരുന്ന ബിലാലി(റ)ന് തന്റെ അടിയുറച്ച വിശ്വാസവും കറകളഞ്ഞ ഭയഭക്തിയും കാരണത്താൽ, ഇസ്‌ലാമിക ലോകത്ത് മഹനീയമായ സ്ഥാനങ്ങൾ നൽകി ചേർത്തുപിടിച്ച് മാതൃക കാണിച്ചുകൊടുത്ത പ്രവാചകാധ്യാപനങ്ങൾ, വംശവെറിക്കെതിരെയുള്ള പോരാട്ടചരിത്രത്തിൽ തുല്യതയില്ലാത്ത ഏടുകളാണ് തുന്നിച്ചേർത്തിരിക്കുന്നത്. നിറം കറുപ്പായിരുന്ന, പൊക്കം കുറഞ്ഞ, ശരീരത്തിന് സമൂഹം കൽപിച്ച ചില വൈരൂപ്യങ്ങളുണ്ടായിരുന്ന, ദരിദ്രനായിരുന്ന, യാതൊരു കുടുംബമഹിമയുമില്ലാത്ത, പ്രവാചകാനുചരനായിരുന്നു ജുലൈബീബ്(റ). ഒരിക്കൽ റസൂൽ(സ്വ) അദ്ദേഹത്തോട് വിവാഹത്തെപ്പറ്റി കുശലാന്വേഷണം നടത്തുകയാണ്. 'ആരും വിലമതിക്കാത്ത എനിക്കെന്ത് വിവാഹം' എന്ന് നിരാശയോടെ മൊഴിഞ്ഞ ജുലൈബീബിനോട് റസൂൽ(സ്വ) പറഞ്ഞു: 'അല്ലാഹുവിങ്കൽ താങ്കൾ ഒരിക്കലും അധമനല്ല.' ശേഷം മദീനയിലെ ഏറ്റവും ഉയർന്ന ഒരു അൻസാരി കുടുംബത്തിലെ, കാണാൻ സുന്ദരിയായ ഒരു യുവതിയെ അദ്ദേഹത്തിന് വിവാഹത്തിനായി നിർദേശിക്കുകയും ചെയ്തു.

മനുഷ്യർക്കിടയിൽ യാതൊരു നിലയ്ക്കുമുള്ള അസ്പൃശ്യതകളും തീണ്ടായ്മകളും വർണവിവേചനവും ഉണ്ടാവാൻ പാടില്ലെന്ന പ്രവാചക അധ്യാപനത്തെ നിറഞ്ഞ മനസ്സോടെ സ്വീകരിച്ച ആ യുവതി, വീട്ടുകാർ വിസമ്മതിച്ചെങ്കിലും അദ്ദേഹത്തെ തന്നെ വിവാഹം ചെയ്യുകയാണുണ്ടായത്. പിന്നീട് അധികം വൈകാതെ തന്നെ ഒരു യുദ്ധത്തിൽ ജൂലൈബീബ്(റ) മരണപ്പെട്ടപ്പോഴും അതിൽ മാതൃകാപരമായി ക്ഷമ കൈക്കൊണ്ട ആ യുവതിക്ക് അല്ലാഹു വലിയ സമൃദ്ധിയും ഐശ്വര്യവും നൽകി അനുഗ്രഹിച്ചു എന്ന് ചരിത്രത്തിൽ കാണാം.

ഈ ചരിത്രങ്ങളെല്ലാം വിസ്മരിച്ച്, നാം പലപ്പോഴും നമ്മിലേക്ക് തന്നെ ചുരുങ്ങി, കൂടുതൽ സ്വാർഥരാവുന്നതാണ് ഇത്തരം പല പ്രശ്നങ്ങളുടെയും നാരായ വേര് എന്നതാണ് യാഥാർഥ്യം. അല്ലാഹു നമുക്ക് നൽകിയ ചെറുതും നിസ്സാരവുമായ അനുഗ്രഹങ്ങളിൽ

പോലും, അതിന്മേൽ മേനി നടിച്ചും അഹങ്കരിച്ചും നടക്കുന്ന പ്രകൃതമാണ് പലരിലും കാണാൻ കഴിയുന്നത്. എന്തെല്ലാം അനുഗ്രഹങ്ങൾ നമ്മിലുണ്ടോ അതിനെയെല്ലാം നമ്മെ സൃഷ്ടിച്ച റബ്ബ് നമുക്ക് നൽകിയ കാരുണ്യമായി കാണുകയും, അവ നൽകിയ സ്രഷ്ടാവിനു തന്നെ എപ്പോൾ വേണമെങ്കിലും അത് തിരിച്ചെടുക്കാനും സാധിക്കും എന്ന ബോധ്യമാണ് നമുക്ക് കൈമുതലാവേണ്ടത്. നിറത്തിന്റെ പേരിൽ അഹങ്കരിക്കുന്നവർ അറിയേണ്ടത്, ഏത് അനുഗ്രഹത്തിന്റെയും നിസ്സാരത പോലെ, ഒരു ചെറിയ കൈയബദ്ധത്തിനോ പൊള്ളലിനോ ആക്സിഡന്റിനോ തിരിച്ചെടുക്കാനാവാത്ത വിധത്തിൽ അടിയറവ് വെക്കാനുള്ളതായിരിക്കാം നാം വലുതായി കൊണ്ടുനടക്കുന്ന ഓരോന്നും.

**എന്തൊരു വൈരുധ്യമാണ്!**

കറുപ്പിനെയും വെളുപ്പിനെയും കുറിച്ചുള്ള നമ്മുടെ വീക്ഷണകോണിലുള്ള വൈരുധ്യം നോക്കൂ. കറുപ്പിനെ വെറുക്കുന്ന നമ്മൾ എന്തുകൊണ്ടാണ് കറുത്ത കഅ്ബയെ അത്രമേൽ വൈകാരികമായി സ്നേഹിക്കുന്നത്? വെളുപ്പിനെ അത്രമേൽ ഇഷ്ടപ്പെടുന്ന നമ്മൾ എന്തുകൊണ്ടാണ് തൂവെള്ള നിറമുള്ള കഫൻ പുടവകളിൽ നിന്നും അകലാൻ ശ്രമിക്കുന്നത്?

വെറുപ്പിന്റെ സമവാക്യങ്ങളെ സ്നേഹത്തിന്റെ മറുമരുന്നുകൊണ്ട് പ്രതിരോധിക്കുവാൻ നമുക്ക് കഴിയണം. വൈവിധ്യങ്ങളെയും വൈജാത്യങ്ങളെയും അംഗീകരിക്കുന്നതോടൊപ്പം വംശീയതയുടെയും വർഗീയതയുടെയും വേരുകൾ പിഴുതെറിയാൻ നാം ഒന്നിക്കേണ്ടതുണ്ട്. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി

# കച്ചവടത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ




വിൽക്കുന്നവനും വാങ്ങുന്നവനുമെല്ലാം കച്ചവടം നടത്തുവാനും റദ്ദാക്കുവാനും അവകാശമുണ്ടാകലാണ് 'ഖിയാർ' എന്ന് നാം മനസ്സിലാക്കി. ഖിയാറിനു ചില വിഭജനങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ മനസ്സിലാക്കാം.

**ഖിയാറിന്റെ വിഭജനങ്ങൾ**

*ഒന്ന്) ഖിയാറുൽമജ്‌ലിസ്:* അന്യോന്യം ഇടപാട് നടക്കുന്ന സ്ഥലമാണത്. വിറ്റയാളും വാങ്ങിയയാളും ഇടപാടു നടന്ന സ്ഥലത്തുനിന്ന് പിരിഞ്ഞുപോകാത്ത കാലത്തോളം അവരോരുത്തർക്കും കച്ചവടം ഉറപ്പിക്കുവാനും ദുർബലമാക്കുവാനുമുള്ള അവകാശമുണ്ടായിരിക്കും. ഇബ്നുഉമറി(റ)ൽനിന്നു നിവേദനം. നബി(സ) പറഞ്ഞു: "വിറ്റവനും വാങ്ങിയവനും പരസ്പരം പിരിഞ്ഞു

പോകുന്നതുവരെ ഇരുവർക്കും ഖിയാർ (കച്ചവടം ഉറപ്പിക്കുവാനും റദ്ദാക്കുവാനുമുള്ള അവകാശം) ഉണ്ട്.''

*രണ്ട്) ഖിയാറുശ്ശർത്വ്:* വിൽക്കുന്നവനും വാങ്ങുന്നവനും, അല്ലെങ്കിൽ അവരിലൊരാൾ കച്ചവടം ഉറപ്പിക്കുവാനോ അല്ലെങ്കിൽ റദ്ദാക്കുവാനോവേണ്ടി ഖിയാറിന് ഒരു നിർണിത കാലം നിബന്ധന വെക്കലാണത്. ഇടപാടു നടന്നതു മുതൽ അവർക്കിടയിൽ നിർണയിക്കപ്പെട്ട കാലപരിധി അവസാനിച്ചാൽ ഇടപാട് റദ്ദാക്കപ്പെടുകയില്ല. അത് ഉറപ്പിക്കൽ നിർബന്ധമായിത്തീരും.

അതിന്റെ ഉദാഹരണം: ഒരാൾ മറ്റൊരാളിൽനിന്ന് ഒരു കാറ് വാങ്ങുകയും ഒരു മാസക്കാലം എനിക്ക് ഖിയാറു വേണമെന്ന് പറയുകയും ചെയ്യുക. അയാൾ കച്ചവടത്തിൽനിന്ന് ഒരു മാസത്തിനുള്ളിൽ മടങ്ങിയാൽ അയാൾക്കത് ആകാവുന്നതാണ്. അവൻ മടങ്ങിയില്ലെങ്കിൽ മാസം അവസാനിക്കുന്നതോടെ കാറ് വാങ്ങൽ അവന് അനിവാര്യമായി.

*മൂന്ന്) ഖിയാറുൽ അയ്ബ്:* കച്ചവടച്ചരക്കിൽ ന്യൂനത കാണപ്പെടുകയും വ്യാപാരി അതിനെക്കുറിച്ച് പറയാതിരിക്കുകയോ അല്ലെങ്കിൽ അതിനെക്കുറിച്ച് അറിയാതിരിക്കുകയോ ചെയ്യുകയും ഈ ന്യൂനത കാരണത്താൽ ചരക്കിന്റെ വില ഇടിയുകയും ചെയ്താൽ വാങ്ങിയവനുള്ള ഖിയാറാണത്. വ്യാപാരികളായി ഗണിക്കപ്പെടുന്നവരിൽ പരിചയ സമ്പന്നരെയാണ് ന്യൂനത മനസ്സിലാക്കുവാൻ അവലംബിക്കേണ്ടത്. അവർ ന്യൂനതയായി എണ്ണിയതുകൊണ്ട് ഖിയാർ സ്ഥിരപ്പെടും. ഇല്ലെങ്കിൽ ഖിയാറുണ്ടാവില്ല.

ഈ ഖിയാർ വാങ്ങുന്നവനുള്ളതാണ്. അവനുദ്ദേശിച്ചാൽ കച്ചവടം ഉറപ്പിക്കുകയും ന്യൂനതക്ക് പകരം സ്വീകരിക്കുകയും ചെയ്യാം. ന്യൂനതയില്ലാത്ത ചരക്കിനുള്ള തുകയും ന്യൂനതയുണ്ടായിരിക്കെ ചരക്കിനുള്ള തുകയും തമ്മിലുള്ള വ്യത്യാസമാണ് പകരം പറ്റേണ്ടത്. അവനുദ്ദേശിക്കുന്നുവെങ്കിൽ ചരക്കു മടക്കിക്കൊടു ത്ത് കച്ചവടക്കാരനു താൻ കൊടുത്ത സംഖ്യ തിരിച്ചു വാങ്ങാവുന്നതുമാണ്.

*നാല്) ഖിയാറുത്തദ്‌ലീസ്:* വാങ്ങുന്നവൻ വില വർധിപ്പിക്കുവാൻ വേണ്ടി ചരക്കിന്റെ ദൂഷ്യവശങ്ങൾ വ്യാപാരി മറച്ചുവെക്കലാണത്. ഇങ്ങനെ ചെയ്യുന്നത് നിഷിദ്ധമാകുന്നു. തിരുനബി(സ്വ) പറഞ്ഞു: "വല്ലവനും നമ്മെ വഞ്ചിച്ചാൽ അവൻ നമ്മിൽ പെട്ടവനല്ല.''

ഉദാഹരണം: കച്ചവടക്കാരന്റെയടുത്ത് ഉൾഭാഗത്ത് ധാരാളം ന്യൂനതകളുള്ള ഒരു കാറുണ്ട്. കുറവുകളില്ലാത്ത കാറാണെന്ന നിലയ്ക്ക് വാങ്ങുന്നവനെ പറ്റിക്കുവാൻവേണ്ടി അതിന്റെ പുറംഭാഗം തിളക്കമുള്ളതാക്കി നിറഭംഗിയിൽ അയാൾ അത് പ്രദർശിപ്പിക്കുവാൻ തുനിയുന്നു. അതിനാൽ ഒരാളത് വാങ്ങുന്നു. ഈ അവസ്ഥയിൽ ചരക്കു തിരിച്ചേൽപിക്കുവാനും പണം മടക്കിവാങ്ങുവാനും വാങ്ങിയവന് അവകാശമു ണ്ടായിരിക്കും.

## കച്ചവടത്തിന്റെ നിബന്ധനകൾ

കച്ചവടം സാധുവാകുന്നതിന് താഴെ വരുന്ന നിബന്ധനകളുണ്ട്:

ഒന്ന്) വാങ്ങുന്നവനും വിൽക്കുന്നവനുമിടയിൽ പരസ്പര



സംതൃപ്തി.

അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു'' (ക്വുർആൻ 4:29).

അബൂസഈദിൽഖുദ്‌രി(റ)യ്യിൽനിന്ന് നിവേദനം. തിരുനബി(സ്വ) പറഞ്ഞു: "നിശ്ചയം, വ്യാപാരം പരസ്പര തൃപ്തിയിലാകുന്നു.''

ആയതിനാൽ ഇടപാടുകാരിൽ ഒരാൾ അന്യായമായി നിർബന്ധിക്കപ്പെട്ടാൽ കച്ചവടം സാധുവാകില്ല. ന്യായമായ നിലയ്ക്കാണ് നിർബന്ധിപ്പിക്കലെങ്കിൽ ഇടപാടു ശരിയാകുന്നതായിരിക്കും; തന്റെ കടംവീട്ടുവാൻ വല്ലതും വിൽക്കുവാൻ ഒരു വ്യക്തിയെ ഭരണാധികാരി നിർബന്ധിപ്പിക്കുന്നതുപോലെ.

രണ്ട്) പ്രായപൂർത്തിയാവുക,



ഇടപാടുകാരിൽ ഒരാൾ അന്യായമായി നിർബന്ധിക്കപ്പെട്ടാൽ കച്ചവടം സാധുവാകില്ല. ന്യായമായ നിലയ്ക്കാണ് നിർബന്ധിപ്പിക്കലെങ്കിൽ ഇടപാടു ശരിയാകുന്നതായിരിക്കും; തന്റെ കടംവീട്ടുവാൻ വല്ലതും വിൽക്കുവാൻ ഒരു വ്യക്തിയെ ഭരണാധികാരി നിർബന്ധിപ്പിക്കുന്നതുപോലെ. അറിയായ്മ വഞ്ചനയിലധിഷ്ഠിതമാകുന്നു. അതാകട്ടെ വിരോധിക്കപ്പെട്ടതുമാകുന്നു. അതിനാൽ തന്നെ താൻ കണ്ടിട്ടില്ലാത്ത, അല്ലെങ്കിൽ കാണുകയും ഓർമ നഷ്ടപ്പെടുകയും ചെയ്ത യാതൊന്നും അതു മജ്ലിസുൽഅക്ദ് (കച്ചവടമുറപ്പിക്കുന്ന വേദി) മറഞ്ഞതായിരിക്കെ വാങ്ങൽ സാധുവാകുകയില്ല.

ബുദ്ധിയുണ്ടാവുക, സ്വതന്ത്രനാവുക, തന്റേടമുള്ളവനാവുക എന്നിവകൊണ്ട് ഇടപാടുകാരൻ സമ്പത്തു കൈകാര്യം ചെയ്യൽ അനുവദനീയമായവനാവുക.

മൂന്ന്) വിൽപനക്കാരൻ ചരക്ക് ഉടമപ്പെടുത്തിയവനാവുകയോ അല്ലെങ്കിൽ വകീല്, വസ്വിയ്യ്, വലിയ്യ്, മേൽനോട്ടക്കാരൻ പോലെ ചരക്ക് ഉടമപ്പെടുത്തിയവന്റെ സ്ഥാനത്ത് നിൽക്കുന്നവനോ ആവുക. ഒരു വ്യക്തിയും താനുടമപ്പെടുത്താത്തത് യാതൊന്നും വിൽക്കുന്നത് ശരിയാവുകയില്ല. ഹകീം ഇബ്നു ഹിസാമി(റ)നോടു തിരുനബി(സ്വ) പറഞ്ഞു: "താങ്കളുടെ പക്കലില്ലാത്തത് താങ്കൾ വിൽക്കരുത്."

നാല്) വിൽക്കപ്പെടുന്ന ചരക്ക്, ഭക്ഷണം, പാനീയം, വസ്ത്രം, വാഹനം, വീട്ടുസാധനങ്ങൾ പോലുള്ള ഉപകയോഗിക്കൽ അനുവദനീയമായവ ആയിരിക്കണം. അതിനാൽ തന്നെ മദ്യം, പന്നി, ശവം, സംഗീത-വാദ്യോപകരണങ്ങൾ പോലുള്ള ഉപയോഗിക്കൽ നിഷിദ്ധമായവ വിൽപന നടത്തൽ സാധുവാകുകയില്ല.

ജാബിറി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്. തിരുദൂതർ(സ്വ) പറഞ്ഞു: "മദ്യം, ശവം, പന്നി, വിഗ്രഹങ്ങൾ എന്നിവ വിൽക്കുന്നത് നിശ്ചയം അല്ലാഹു ഹറാമാക്കിയിരിക്കുന്നു."

ഇബ്നുഅബ്ബാസി(റ)ൽനിന്ന് നിവേദനം, തിരുനബി(സ്വ) പറഞ്ഞു: "നിശ്ചയം, അല്ലാഹു ഒരു വസ്തു ഭക്ഷിക്കുന്നത് ഒരു വിഭാഗത്തിനു ഹറാമാക്കിയാൽ അതു വിറ്റു കിട്ടുന്ന വിലയും അവൻ ഹറാമാക്കും."

നായയെ വിൽക്കലും അനുവദനീയമാകില്ല. അബൂമസ്ഊദി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "നായയെ വിറ്റു കിട്ടുന്ന വില അല്ലാഹുവിന്റെ തിരുദൂതർ വിരോധിച്ചിരിക്കുന്നു."

അഞ്ച്) വ്യപാരച്ചരക്ക് കൈപ്പറ്റുവാൻ കഴിയുന്നതായിരിക്കണം. കാരണം കൈപ്പറ്റുവാനാകാത്തത് നിലവിലില്ലാത്തതുപോലെയാണ്. ഇത് 'ബയ്ഉൽഗററി'ൽ (വഞ്ചനയിലധിഷ്ഠിതമായ കച്ചവടം) ഉൾപെട്ടതായിരിക്കെ ആ വിൽപന സാധുവാകുകയില്ല. കാരണം വാങ്ങുന്നവൻ വില നൽകുകയും ചരക്ക് കൈപ്പറ്റാതിരിക്കുകയും ചെയ്തേക്കും. അതുകൊണ്ടുതന്നെ വെള്ളത്തിലുള്ള മത്സ്യത്തെ പിടിക്കുന്നതിനുമുമ്പു വിൽക്കുന്നതും കാരക്കയിലുള്ള കുരു, അന്തരീക്ഷത്തിലുള്ള പക്ഷി, അകിട്ടിലുള്ള പാൽ, കാലിയുടെ വയറ്റിലുള്ള കുട്ടി, ഓടിപ്പോയ മൃഗം എന്നിവ വിൽക്കുന്നതും അനുവദനീയമല്ല.

അബൂഹുറയ്റഃയിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്: "തിരുദൂതർ(സ്വ) വഞ്ചനയിലധിഷ്ഠിതമായ കച്ചവടം വിരോധിച്ചിരിക്കുന്നു."

ആറ്) വിൽപനച്ചരക്ക് അറിയപ്പെട്ടതാകണം. കാഴ്ചയിലൂടെയോ സാക്ഷ്യത്തിലൂടെയോ അല്ലെങ്കിൽ മറ്റുള്ള ചരക്കുകളിൽനിന്ന് കച്ചവടം ഉറപ്പിക്കപ്പെടുന്ന ചരക്കിനെ വ്യതിരിക്തമാക്കുന്ന വിവരണം കൊണ്ടോ വാങ്ങുന്നവനും വിൽക്കുന്നവനും കച്ചവടം ഉറപ്പിക്കുമ്പോൾ ചരക്ക് നിജപ്പെട്ടതാകണം. കാരണം അറിയായ്മ വഞ്ചനയിലധിഷ്ഠിതമാകുന്നു. അതാകട്ടെ വിരോധിക്കപ്പെട്ടതുമാകുന്നു. അതിനാൽ തന്നെ താൻ കണ്ടിട്ടില്ലാത്ത, അല്ലെങ്കിൽ കാണുകയും ഓർമ നഷ്ടപ്പെടുകയും ചെയ്ത യാതൊന്നും അതു മജ്ലിസുൽഅക്ദ് (കച്ചവടമുറപ്പിക്കുന്ന വേദി) മറഞ്ഞതായിരിക്കെ വാങ്ങൽ സാധുവാകുകയില്ല.

ഏഴ്) വിൽക്കപ്പെടുന്ന ചരക്കിന്റെ വില നിർണയിച്ചുകൊണ്ടും വില മനസ്സിലാക്കിക്കൊണ്ടും അതിന്റെ തുക അറിയപ്പെട്ടതാകണം.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം).*

യാസീൻ അൽഹികമി
: 92072 14689



# അല്ലാഹുവിന് പുറമെ ആരാധ്യന്മാരുണ്ടെങ്കിൽ! 02

ഒരു തരത്തിലുള്ള തകരാറും വീഴ്ചയും കുഴപ്പവുമില്ലാതെ ഈ പ്രപഞ്ചം നിലനിൽക്കുന്നത് അല്ലാഹുവിന് പുറമെ മറ്റു ആരാധ്യന്മാർ പ്രപഞ്ചത്തിൽ ഇല്ല എന്നതിനുള്ള തെളിവാണ്. അല്ലാഹുവിന്റെ കീഴിൽ മറ്റു ആരാധ്യന്മാർ നിലവിലുണ്ടെന്ന് സങ്കൽപിച്ചാൽതന്നെ അവരുടെ ആവശ്യങ്ങളും ആരാധനകളും മുഴുവൻ അവർ അല്ലാഹുവിന്റെ മുമ്പിലായിരിക്കുമല്ലോ സമർപ്പിക്കുന്നത്. അവർക്ക് സ്വന്തമായി ഒരു നിലനിൽപുമുണ്ടാകില്ല. അതുകൊണ്ട് അവരെ ആരാധിക്കുന്നതിന് പകരം അവരുടെ കൂടി ആരാധ്യനായ ഏക ആരാധ്യനെ ആരാധിക്കലാണല്ലോ യുക്തി.

ഒരു തകരാറുമില്ലാതെ, അങ്ങേയറ്റത്തെ കൃത്യതയോടെ, വ്യവസ്ഥാപിതമായ ഘടനയിൽ പ്രപഞ്ചം നിലനിൽക്കുന്നു. സർവസൃഷ്ടികളും മറ്റുള്ള സൃഷ്ടികളുമായി ഏതെങ്കിലും തരത്തിൽ ബന്ധിതമായാണ് നിലനിൽക്കുന്നത്. പരസ്പര പൂരകമായ ഈ നിലനിൽപ് അതിന്റെയെല്ലാം കൈകാര്യം ഒരുവനാണെന്ന് അറിയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട തെളിവ് തന്നെയാണ്. ഒരു സ്രഷ്ടാവിൽനിന്നുമാണ് ലോകം ഉണ്ടായത് എന്നതുപോലെ തന്നെ പ്രപഞ്ചത്തിന്റെ ആരാധ്യനും ഒരുവൻ തന്നെയാണ്. പ്രപഞ്ചത്തിന്റെ ഉത്ഭവത്തിലും സൃഷ്ടികർമത്തിലും പല സ്രഷ്ടാക്കൾ ഉണ്ടാവുക എന്നത് അസംഭവ്യമായത് പോലെ, പ്രപഞ്ചത്തിന്റെ ആകമാനം ആരാധനകളും ഉദ്ദേശ്യലക്ഷ്യങ്ങളും പല ആരാധ്യന്മാർക്ക് വേണ്ടിആയിത്തീരുക എന്നതും അസംഭവ്യമാകുന്നു. രണ്ട് തുല്യ സ്രഷ്ടാക്കൾ ലോകത്തിന് ഉണ്ടാവുക എന്നത് അസംഭവ്യമായത്



പോലെ ആരാധനക്ക് അർഹമായ രണ്ട് ആരാധ്യന്മാർ ഉണ്ടാവുക എന്നതും അസംഭവ്യമാണ്.

സർവശക്തനായ ആരാധ്യന് കീഴിൽ മറ്റു ആരാധ്യന്മാർ ഉണ്ടാകുമോ? ഒരിക്കലുമില്ല. ഖുർആൻ പറഞ്ഞു: "(നബിയേ,) പറയുക: അവർ പറയും പോലെ അവനോടൊപ്പം മറ്റു ദൈവങ്ങളുണ്ടായിരുന്നെങ്കിൽ സിംഹാസനാധിപന്റെ അടുക്കലേക്ക് അവർ (ആ ദൈവങ്ങൾ) വല്ല മാർഗവും തേടുക തന്നെ ചെയ്യുമായിരുന്നു" (അൽഇസ്റാഅ് 42).

രാജാക്കന്മാർ പരസ്പരം പരാജയപ്പെടുത്താനും തോൽപിക്കാനും ശ്രമിക്കുന്നതുപോലെ ആരാധ്യന്മാർ അല്ലാഹുവിനെ പരാജയപ്പെടുത്തുവാൻ ശ്രമിക്കും എന്ന രൂപത്തിൽ ഈ ആയത്തിനെ ചില പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, ഈ ആയത്തിന്റെ അർഥത്തിൽ കൂടുതൽ ശരിയായ വീക്ഷണം അതല്ല. മറിച്ച് ഇങ്ങനെയാണ്: അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്ന ആരാധ്യന്മാർ തന്നെ അവനെ ആരാധിച്ചുകൊണ്ട് അവനിലേക്ക് സാമീപ്യം സിദ്ധിക്കുവാൻ ശ്രമിക്കുന്നു, പിന്നെ എങ്ങനെയാണ് അവനു പുറമെ അവരെ നിങ്ങൾ ആരാധിക്കുന്നത്? അവർ നിങ്ങൾ പറയുന്നതുപോലെ ആരാധ്യന്മാർ ആയിരുന്നെങ്കിൽ പിന്നെ എങ്ങനെയാണ് അവർ അല്ലാഹുവിന് അടിമകൾ ആവുക! ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ ഈ അർഥത്തെയാണ് ശരിവെക്കുന്നത്. ഇതിനെ സാധൂകരിക്കുന്ന പല ന്യായങ്ങൾ ഉണ്ട്:

അല്ലാഹു പറഞ്ഞു: "അവർ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു). അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു" (അൽഇസ്റാഅ് 57).

നിങ്ങൾ എന്റെ അടിമകൾ ആണെന്നതുപോലെ എനിക്ക് പുറമെ നിങ്ങൾ ആരാധിക്കുന്ന ഇവരും എന്റെ അടിമകൾ തന്നെയാണ്. അവർ എന്റെ കാരുണ്യത്തെ പ്രതീക്ഷിക്കുകയും എന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. പിന്നെ എന്തിനാണ് എനിക്ക് പുറമെ അവരെ നിങ്ങൾ ആരാധിക്കുന്നത് എന്നർഥം.

മറ്റൊരു തെളിവ്: ആ ആയത്തിൽ അവർ അല്ലാഹുവിനെതിരെ മാർഗം തേടും എന്നല്ല പറഞ്ഞത്, മറിച്ച് അല്ലാഹുവിന്റെ അടുക്കലേക്ക് മാർഗം തേടും എന്നാണ്. അറബി ഭാഷയിൽ ഈ പ്രയോഗം സാമീപ്യം തേടുവാൻ ശ്രമിക്കുന്നതിനാണ് പറയുക. അതിനൊരു ഉദാഹരണം നോക്കൂ:

"നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് അടുക്കുവാനുള്ള മാർഗം തേടുകയും അവന്റെ മാർഗത്തിൽ ധർമസമരത്തിൽ ഏർപെടുകയും ചെയ്യുക" (അൽമാഇദ 35).

> മനുഷ്യന്റെ ഹൃദയത്തിൽ അല്ലാഹുവല്ലാത്ത മറ്റേതെങ്കിലും ആരാധ്യൻ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അവന്റെ ഹൃദയം അങ്ങേയറ്റത്തെ കുഴപ്പത്തിലാണ് അകപ്പെടുക. പ്രസ്തുത ആരാധ്യനെ മനസ്സിൽനിന്ന് കുടിയിറക്കാതെ ആ ഹൃദയം ശരിയാകുകയില്ല. സർവ സന്ദർഭങ്ങളിലും ഒരു അടിമക്ക് അനിവാര്യമായിട്ടുള്ള അവന്റെ ആരാധ്യൻ ഒരൊറ്റ ആരാധ്യനാണ്. അവനല്ലാത്തതെല്ലാം നിരർഥകമാണ്. അടിമ എവിടെയാണെങ്കിലും അറിവുകൊണ്ടും സഹായം കൊണ്ടും അവന്റെ കൂടെയുള്ളവൻ അല്ലാഹു മാത്രമാണ്. അങ്ങനെയുള്ള ആരാധ്യനിലേക്ക് അടിമയുടെ അനിവാര്യതയും ആവശ്യകതയും മറ്റെല്ലാ അനിവാര്യതയെക്കാളും ആവശ്യകതയെക്കാളും വലുതാണ്.

ഒരാൾക്ക് എതിരായി അയാളെ പരാജയപ്പെടുത്തുവാൻ ശ്രമിക്കുന്നതിന് ഇങ്ങനെ പ്രയോഗിക്കുകയില്ല. അടിച്ചമർത്താനോ പരാജയപ്പെടുത്താനോ ശ്രമിക്കുക എന്നതിന് ഖുർആനിൽ വന്ന പ്രയോഗം നോക്കുക:

“എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്” (അന്നിസാഅ് 34).

അവർക്കെതിരെ മാർഗം തേടുക എന്നാണല്ലോ ഈ ആയത്തിൽ പറഞ്ഞത്. പരാജയപ്പെടുത്താൻ ശ്രമിക്കുക എന്നതിന് ഇത്തരത്തിലാണ് അറബിയിൽ പ്രയോഗിക്കുക.

മൂന്നാമത്തെ തെളിവ്: അവരുടെ ആരാധ്യന്മാർ അല്ലാഹുവിനെ അതിജയിക്കുമെന്നോ, അവനെ പരാജയപ്പെടുത്താൻ ശ്രമിക്കുമെന്നോ ബഹുദൈവ വിശ്വാസികൾ പറഞ്ഞിരുന്നില്ല. അവരുടെ ആരാധ്യന്മാർ അവനിലേക്ക് സാമീപ്യം നേടുവാൻ സഹായിക്കുന്നു, അവനിലേക്ക് അടുപ്പിക്കുന്നു എന്ന് മാത്രമായിരുന്നു അവർ പറഞ്ഞത്. അതുകൊണ്ടാണ് അല്ലാഹു ചോദിച്ചത്, അങ്ങനെയാണെങ്കിൽ എന്തിനാണ് ആ യഥാർഥ ആരാധ്യന് പുറമെ അവരെ നിങ്ങൾ ആരാധിക്കുന്നത് എന്ന്.

ഒരു തരത്തിലുള്ള തകരാറും വീഴ്ചയും കുഴപ്പവുമില്ലാതെ ഈ പ്രപഞ്ചം നിലനിൽക്കുന്നത് അല്ലാഹുവിന് പുറമെ മറ്റു ആരാധ്യന്മാർ പ്രപഞ്ചത്തിൽ ഇല്ല എന്നതിനുള്ള തെളിവാണ്. അല്ലാഹുവിന്റെ കീഴിൽ മറ്റു ആരാധ്യന്മാർ നിലവിലുണ്ടെന്ന് സങ്കൽപിച്ചാൽതന്നെ അവരുടെ ആവശ്യങ്ങളും ആരാധനകളും മുഴുവൻ അവർ അല്ലാഹുവിന്റെ മുമ്പിലായിരിക്കുമല്ലോ സമർപ്പിക്കുന്നത്. അവർക്ക് സ്വന്തമായി ഒരു നിലനിൽപുമുണ്ടാകില്ല. അതുകൊണ്ട് അവരെ ആരാധിക്കുന്നതിന് പകരം അവരുടെ കൂടി ആരാധ്യനായ ഏക ആരാധ്യനെ ആരാധിക്കലാണല്ലോ യുക്തി.

മനുഷ്യന്റെ ഹൃദയത്തിൽ അല്ലാഹുവല്ലാത്ത മറ്റേതെങ്കിലും ആരാധ്യൻ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അവന്റെ ഹൃദയം അങ്ങേയറ്റത്തെ കുഴപ്പത്തിലാണ് അകപ്പെടുക. പ്രസ്തുത ആരാധ്യനെ മനസ്സിൽനിന്ന് കുടിയിറക്കാതെ ആ ഹൃദയം ശരിയാകുകയില്ല. സർവ സന്ദർഭങ്ങളിലും ഒരു അടിമക്ക് അനിവാര്യമായിട്ടുള്ള അവന്റെ ആരാധ്യൻ ഒരൊറ്റ ആരാധ്യനാണ്. അവനല്ലാത്തതെല്ലാം നിരർഥകമാണ്. അടിമ എവിടെയാണെങ്കിലും അറിവുകൊണ്ടും സഹായം കൊണ്ടും അവന്റെ കൂടെയുള്ളവൻ അല്ലാഹു മാത്രമാണ്. അങ്ങനെയുള്ള ആരാധ്യനിലേക്ക് അടിമയുടെ അനിവാര്യതയും ആവശ്യകതയും മറ്റെല്ലാ അനിവാര്യതയെക്കാളും ആവശ്യകതയെക്കാളും വലുതാണ്. അല്ലാഹുവിനോടുള്ള പ്രാർഥനയിലും സ്നേഹത്തിലും ഭയത്തിലും പ്രതീക്ഷയിലും ഭരമേൽപിക്കുന്നതിലും സത്യം ചെയ്യുന്നതിലും നേർച്ച ചെയ്യുന്നതിലുമൊന്നും മറ്റാരെയും പങ്കു ചേർക്കാതിരിക്കുക എന്നതിന് ഒരു അടിമ വളരെയധികം കടമപ്പെട്ടവനാണ്.

അവന്റെ ശരീരത്തിന് റൂഹിനെ ആവശ്യമുള്ളതിനെക്കാൾ, കണ്ണിന് പ്രകാശം ആവശ്യമുള്ളതിനെക്കാൾ അവന് ആവശ്യമുള്ളതാകുന്നു ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കൽ. അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയാണ് ഒരു വിശ്വാസിക്ക് യഥാർഥത്തിൽ മനസ്സമാധാനം ലഭിക്കുക. അറിവിലൂടെ അവനെ കണ്ടെത്തൽ അതിന് അനിവാര്യമാണ്.

ആകാശഭൂമികൾ പോലും അല്ലാഹുവിന് കീഴ്പെട്ടിരിക്കുന്നു എന്നിരിക്കെ മനുഷ്യർക്കെങ്ങനെ അത് ബാധകമല്ലാതിരിക്കും? അവന്റേതല്ലാത്ത മാർഗം തേടുന്നത് നന്ദികേടല്ലേ?

“അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും” (ആലു ഇംറാൻ 83). ■




# ക്വുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ ജീവിക്കുക

**ഡോ.അവ്വാദ് ബിൻ സബ്തി അൽ അനസി**
സുഊദി മതകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി

പരിശുദ്ധ ക്വുർആൻ നന്മയിലേക്ക് വഴിനടത്തും എന്ന് പറഞ്ഞ റബ്ബിനാകുന്നു സർവസ്തുതിയും. നിങ്ങളിൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവരാണ് എന്ന് പഠിപ്പിച്ച പ്രവാചകൻ (സ്വ)യുടെ മേൽ അല്ലാഹുവിന്റെ ശാന്തിയും സമാധാനവും ഉണ്ടാവട്ടെ. പരിശുദ്ധ ക്വുർആനുമായി ബന്ധപ്പെട്ട ഇത്തരമൊരു മത്സരത്തിന്റെ അവസാന നിമിഷങ്ങളിൽ നിങ്ങളോടൊപ്പം ഒത്തുചേരാൻ സാധിച്ചതിൽ അതിയായി സന്തോഷിക്കുന്നു. നമ്മുടെ മക്കൾ ക്വുർആൻ ഈണത്തിൽ ഓതുകയും അതിൽ മത്സരിക്കുകയും ചെയ്യുക എന്നത് നമുക്ക് കൺകുളിർമയേകുന്ന ഒരു കാഴ്ച തന്നെയാണ്.

പ്രിയമുള്ളവരേ, ക്വുർആൻ കൊണ്ടുനടക്കുക എന്നത് ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് എന്ന് സംശയലേശമന്യേ പറയാൻ സാധിക്കുന്നതാണ്. കാരണം, അല്ലാഹു ക്വുർആനിനെ വെളിച്ചവും മാർഗദർശനവും മനസ്സുകളിൽ അടിഞ്ഞുകൂടിയ രോഗങ്ങൾക്ക് ശമനവുമാക്കിയിരിക്കുന്നു. മാത്രമല്ല, ക്വുർആനിലൂടെയും ഹദീസിലൂടെയും മാത്രമാണ് ശരിയായ മാർഗത്തിലേക്ക് എത്താൻ സാധിക്കുക. അവ രണ്ടും പ്രവാചകന്റെ വസ്വിയ്യത്തുമാണ്. അവിടുന്ന് പറയുന്നു: ‘രണ്ടുകാര്യങ്ങൾ ഞാൻ നിങ്ങൾക്ക് വിട്ടേച്ചു പോകുന്നു, അവ മുറുകെ പിടിക്കുന്നിടത്തോളം കാലം നിങ്ങൾ വഴിപിഴക്കുകയില്ല, അവ ക്വുർആനും പ്രവാചക ചര്യയുമാകുന്നു.’. അതുകൊണ്ടുതന്നെ ഇത്തരം മത്സരങ്ങൾ നടത്തുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രത്യേകം പറയേണ്ടതില്ല. അതുപോലെതന്നെ സുഊദി അറേബ്യ ഇത്തരം പരിപാടികൾക്ക് വളരെയധികം പിന്തുണ നൽകുന്ന ഒരു രാജ്യമാണ് എന്നത് സ്മരണീയമാണ്. കാരണം, സുഊദി അറേബ്യ

ക്വുർആനിനെയും അതിന്റെ ആളുകളെയും അങ്ങേയറ്റം പരിഗണിക്കുന്നു. ഇന്ന് സുഊദിയിൽ വെച്ച് നടക്കുന്ന കിംഗ് അബ്ദുൽ അസീസ് അന്താരാഷ്ട്ര മത്സരം ക്വുർആൻ മനഃപാഠമാക്കുന്നതിനും വ്യഖ്യാനത്തിനും പാരായണത്തിനും ഉള്ളതാണ്. പ്രസ്തുത ലക്ഷ്യത്തിൽ തന്നെ കിംഗ് സൽമാൻ പ്രാദേശിക മത്സരവും നമ്മൾ നടത്തിവരുന്നു. ക്വുർആനിന്റെ കാര്യത്തിൽ വല്ലാത്ത ശ്രദ്ധ സുഊദി കൊടുക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അത്യാധുനിക ടെക്നോളജിയോടുകൂടിയ ക്വുർആൻ പ്രിന്റിങ് പ്രസ്സ്. ഇതിന്റെയൊക്കെ കാരണം നമ്മൾ വിശ്വസിക്കുന്ന, ക്വുർആനും ഹദീസും മുറുകെ പിടിക്കുന്നതിലാണ് വിജയവും നന്മയും ഉണ്ടാവുക എന്നുള്ളതാണ്. ഇന്ന് നമ്മൾ ഒരുമിച്ചുകൂടിയിരിക്കുന്നത് പരിശുദ്ധ ക്വുർആനും തിരു ഹദീസും വ്യാപിപ്പിക്കുവാനും മനഃപാഠമാക്കുവാനും മനസ്സിലാക്കുവാനും, അതിനനുസൃതമായി ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിനും വേണ്ടിയാണ്. അല്ലാഹു പറയുന്നു:

وَإِن تُطِيعُوهُ تَهْتَدُوا۟

'നിങ്ങൾ അവനെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം' (അന്നൂർ :54).

كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ وَلِيَتَذَكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ

'നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി' (സ്വാദ്:29).

> ഞാൻ എന്നെയും എന്റെ സഹോദരങ്ങളെയും ക്വുർആനിനെ നാം നമ്മുടെ കൂട്ടുകാരനായി സ്വീകരിക്കണമെന്ന് ഉണർത്തുകയാണ്. നമ്മുടെ മാർഗദർശനവും നേതാവും നമ്മുടെ കർമങ്ങൾ എങ്ങനെയാകണമെന്ന് നമ്മെ ഉപദേശിക്കുന്ന മാർഗദർശിയും ക്വുർആനാകണം. നമ്മൾ ക്വുർആനും ഹദീസും അനുസരിച്ച് ജീവിക്കുന്നുണ്ടോ എന്ന് അല്ലാഹു നമ്മെ പരീക്ഷിച്ചുകൊണ്ടിക്കുകയാണ് എന്ന് നാം മനസ്സിലാക്കണം. സൗഭാഗ്യവാൻ ക്വുർആനും ഹദീസും മുറുകെ പിടിക്കുകയും, അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും, അതിനെ സ്വഹാബത്തും അവരെ പിൻപറ്റിവന്ന പണ്ഡിതന്മാരും മനസ്സിലാക്കിയത് പോലെ മനസ്സിലാക്കുകയും ചെയ്തവന്നാണ്.

ഈ വിഷയത്തിലുള്ള ആയത്തുകളും ഹദീസുകളും ധാരാളമാണ് .

ഞാൻ എന്നെയും എന്റെ സഹോദരങ്ങളെയും ക്വുർആനിനെ നാം നമ്മുടെ കൂട്ടുകാരനായി സ്വീകരിക്കണമെന്ന് ഉണർത്തുകയാണ്. നമ്മുടെ മാർഗദർശനവും നേതാവും നമ്മുടെ കർമങ്ങൾ എങ്ങനെയാകണമെന്ന് നമ്മെ ഉപദേശിക്കുന്ന മാർഗദർശിയും ക്വുർആനാകണം. നമ്മൾ ക്വുർആനും ഹദീസും അനുസരിച്ച് ജീവിക്കുന്നുണ്ടോ എന്ന് അല്ലാഹു നമ്മെ പരീക്ഷിച്ചുകൊണ്ടിക്കുകയാണ് എന്ന് നാം മനസ്സിലാക്കണം. സൗഭാഗ്യവാൻ ക്വുർആനും ഹദീസും മുറുകെ പിടിക്കുകയും, അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും, അതിനെ സ്വഹാബത്തും അവരെ പിൻപറ്റിവന്ന പണ്ഡിതന്മാരും മനസ്സിലാക്കിയത് പോലെ മനസ്സിലാക്കുകയും ചെയ്തവനാണ്.

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യക്കും, അതിന്റെ ചെയർമാൻ പി.എൻ അബ്ദുല്ലത്വീഫ് മദനിക്കും അതിന്റെ ഡയറക്ടർ എന്റെ സഹോദരൻ ഫൈസൽ മൗലവിക്കും, അവരുടെ കൂടെ പ്രവർത്തിക്കുന്ന വിസ്ഡത്തിന്റെ എല്ലാ പ്രവർത്തകർക്കും ഞാൻ എന്റെ നന്ദി അർപ്പിക്കുകയാണ്, അവർ ഈ മത്സരത്തിനും, ഇതുപോലെ അവർ നടത്തിക്കൊണ്ടിരിക്കുന്ന മറ്റു പരിപാടികൾക്കും നൽകുന്ന നേതൃത്വവും ഉൾകാഴ്ചയോടെയുള്ള ദഅ്‌വത്തുമെല്ലാം അങ്ങേയറ്റം ശ്ലാഘനീയവുമാണ്. ശരിയായ അക്വീദയിലേക്ക് ദഅ്‌വത്ത് ചെയ്യുവാനും ബിദ്അത്തുകളിൽ നിന്ന് വിട്ടുനിൽക്കുവാനും അവർ നടത്തുന്ന പ്രവർത്തനങ്ങൾക്കും ഞാൻ അഭിനന്ദനമർപ്പിക്കുന്നു. അതോടൊപ്പം എല്ലാ മത്സരാർഥികൾക്കും ആശംസകൾ നേരുന്നു. അതുപോലെത്തന്നെ പരിശുദ്ധ ക്വുർആൻ മനഃപാഠമാക്കുന്നവർക്കും പാരായണം ചെയ്യുന്നവർക്കും ഇബാദത്തിന്റെ വിഷയത്തിലും സ്രഷ്ടാവുമായുള്ള ബന്ധത്തിന്റെ വിഷയത്തിലും ക്വുർആനിക സ്വഭാവവൈശിഷ്ട്യങ്ങൾ അണിയുന്ന വിഷയത്തിലും ഇവർ ഒരു മാതൃകയാവട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു എല്ലാവരെയും അനുഗ്രഹിക്കട്ടെ. ■






# തിരിച്ചറിവാണ് പ്രധാനം

**വി.ഡി സതീശൻ എംഎൽഎ**
പ്രതിപക്ഷ നേതാവ്, കേരള നിയമസഭ

*(ജാമിഅ അൽഹിന്ദ് വാർഷിക സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത പ്രതിപക്ഷ നേതാവ് ശബ്ദത്തിന് പ്രയാസമുണ്ടായിട്ടും ചുരുങ്ങിയ വാക്കുകളിലൂടെ ശ്രോതാക്കളുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന ആശയങ്ങളാണ് കോറിയിട്ടത്)*

"എനിക്ക് വിസ്ഡവുമായുള്ള ബന്ധം നിങ്ങൾക്കെല്ലാവർക്കും നല്ലപോലെ അറിയാം. അതൊരു ഹൃദയബന്ധമാണ്. എത്രയോ വർഷമായി നിലനിൽക്കുന്ന ബന്ധമാണ്. ഒരു ദിവസം ഒരാളെങ്കിലും വിസ്ഡവുമായി ബന്ധപ്പെട്ട് എന്നോട് ഫോണിൽ സംസാരിക്കാത്തതായി ഇല്ല. ഇവരെല്ലാവരും എന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാരും അടുത്ത ബന്ധുക്കളുമാണ്. നമുക്കറിയാം, അതിനൊരു ഐഡിയോളജിയുണ്ട്. കൃത്യമായ നയങ്ങളുണ്ട്. അതിനൊരു മഹിതമായ പാരമ്പര്യമുണ്ട്. മൗലാനാ അബുൽ കലാം ആസാദിനെ പോലെ, വക്കം മൗലവിയെ പോലെ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെ പോലെയുള്ള പരിണത പ്രജ്ഞരായ നേതാക്കന്മാരുടെ ഒരു ലഗസി, ഒരു കൾച്ചറൽ ലഗസി, ഒരു സാംസ്കാരിക പൈതൃകം... എല്ലാമുള്ള ഒരു പ്രസ്ഥാനമാണ്. മാത്രമല്ല; വളർന്നു വരുന്ന തലമുറയെ ശരിയായ പാതയിലൂടെ കൈപിടിച്ചു കൊണ്ടു പോകാൻ, ആദർശനിഷ്ഠമായ ഒരു ജീവിതം നയിക്കാൻ, പുരോഗമന പരമായ നിലപാടുകൾ എടുക്കാൻ, നാടിന്റെ മാറ്റത്തിനുവേണ്ടി എല്ലാവരെയും കൈപിടിച്ചു കൊണ്ടുവരാനെല്ലാം അക്ഷരാർഥത്തിൽ അവർക്ക് കഴിയുന്നു.

'വിസ്ഡം' എന്ന വാക്കുതന്നെ 'ജ്ഞാന'മാണ്. അത് നോളേജ് മാത്രമല്ല; നോളേജും വിസ്ഡവും തമ്മിൽ വ്യത്യാസമുണ്ട്. നോളേജ് അറിവാണ്. ജ്ഞാനം വേറെയാണ്. അറിവ് ഇന്ന് എല്ലാവരുടെയും കൈയിലുണ്ട്. അത് എവിടെയെങ്കിലും ഫീഡ് ചെയ്താൽ അറിവ് കിട്ടും. ഫിംഗർ ടിപ്പ് പ്രസ് ചെയ്താൽ അറിവ് കിട്ടും. പക്ഷേ, ജ്ഞാനം വേറെയാണ്. തിരിച്ചറിവാണത്. ചുറ്റുപാടുകൾ നിരീക്ഷിക്കുകയും ലോകത്ത് നടക്കുന്ന സംഭവവികാസങ്ങളെ വിലയിരുത്തുകയും ചെയ്തുകൊണ്ട് ഉണ്ടാക്കുന്ന ഒരു പുതിയ ലോകമാണ്.

ജ്ഞാനം ആർജിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ ജ്ഞാനം മതപരമായ, അചഞ്ചലമായ വിശ്വാസത്തിന്റെ അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് ഉണ്ടാക്കിയെടുക്കുക എന്നുള്ള ഒരു വലിയ മൂവ്മെന്റ് കൂടിയാണ് ഇത്. കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മണ്ഡലത്തിൽ വരുത്തേണ്ട ഗൗരവതരമായ മാറ്റങ്ങളെ കുറിച്ച്, വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട പുരോഗതിയെ കുറിച്ച്, കുട്ടികൾക്കുണ്ടാകേണ്ട ആർജവത്തെക്കുറിച്ച്... എല്ലാം ഗൗരവതരമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വലിയ കോൺഫറൻസ് കൂടിയാണ് ഇത്. ഞാൻ ഈ സമ്മേളനത്തിന് എല്ലാവിധ ആശംസകളും എല്ലാവിധ നന്മകളും നേരുന്നു."



അബൂറാഷിദ അൽകാസിമി
കുടയത്തൂർ




കൽപനയോ നിരോധനമോ ഇല്ലാത്ത ഇത്തരം കാര്യങ്ങൾ നബിയിൽ നിന്ന് ഒരു പ്രത്യേക രീതിയിൽ പതിവായി ഉണ്ടായാൽ അത് മുസ്തഹബ്ബ് (അപ്രകാരം ചെയ്യുന്നത് പ്രിയങ്കരം) ആണ്; ഒരു കാര്യത്തിൽ കൽപനയോ പ്രേരണയോ ഉണ്ടായാൽ, അല്ലെങ്കിൽ മതനിയമവുമായി ചേർന്നുവരുന്ന ഒരു പ്രവൃത്തിയോട് ബന്ധിപ്പിച്ച് ഒരു തെളിവുണ്ടായാൽ അതിനെ ശരീഅത്തിന്റെ പരിധിയിൽ പെടുത്തും.

# മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം

### രോഗിയെ സന്ദർശിക്കൽ

നബി(സ്വ) രോഗികളായ അനുചരന്മാരെ സന്ദർശിക്കുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. ജൂതനായ ഒരു കുട്ടി രോഗിയായിരിക്കെ നബി(സ്വ) സന്ദർശിച്ചു. ബഹുദൈവ വിശ്വാസിയായ പിതൃസഹോദരനെയും സന്ദർശിച്ചിട്ടുണ്ട്. രോഗിയുടെ അടുത്തു ചെന്ന് തലയുടെ ഭാഗത്തിരുന്ന് ക്ഷേമാമ്പേഷണം നടത്തിയിരുന്നു. വലതു കരംകൊണ്ട് രോഗിയെ തലോടിക്കൊണ്ട് ഇപ്രകാരം പ്രാർഥിക്കുമായിരുന്നു:

اللَّهُمَّ ربَّ النَّاسِ، أَذْهِب الْبَأسَ، واشْفِ، أَنْتَ الشَّافي لا شِفَاءَ إِلاَّ شِفَاؤُكَ، شِفاءً لا يُغَادِرُ سقَمًا

“ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഈ പ്രശ്നത്തെ നീ ദുരീകരിക്കേണമേ, നീ ശമനം നൽകുകയും ചെയ്യേണമേ. നീ മാത്രമാണ് ശമനം നൽകുന്നവൻ. നിന്റെ ഭാഗത്ത് നിന്നുള്ള ശമനമനമല്ലാതെ മറ്റൊരു ശമനവുമില്ല. ഒരു രോഗത്തെയും അവശേഷിപ്പിക്കാത്ത ശമനം (നീ നൽകേണമേ).”

### ഉത്തമ ചര്യ

ചെരുപ്പ് ധരിക്കുക, തലമുടി ചീകുക, ശുദ്ധിവരുത്തുക, സാധനങ്ങൾ കൊടുക്കുക-സ്വീകരിക്കുക പോലുള്ളവ നബി(സ്വ) വലതു കൈകൊണ്ട് ആരംഭിച്ചിരുന്നു. ആഹാരം കഴിക്കുക, വെള്ളം കുടിക്കുക എന്നിവ വലതുകൈ കൊണ്ടും മലമൂത്ര വിസർജനത്തിൽനിന്ന് ശുദ്ധിയാക്കുക, അഴുക്കുകൾ നീക്കുക എന്നിവ ഇടതുകൈകൊണ്ടും നിർവഹിച്ചിരുന്നു.

മുടി വടിക്കുകയാണെങ്കിൽ പൂർണമായും നീക്കിയിരുന്നു. അല്ലെങ്കിൽ ഒട്ടും വെട്ടുകയില്ലാ



യിരുന്നു. കുറച്ചുഭാഗം വടിച്ചിട്ട് കുറച്ചു ഭാഗം ഒഴിവാക്കി നിർത്തിയിരുന്നില്ല.

ദന്തശുദ്ധി വളരെ ഇഷ്ടപ്പെട്ടിരുന്നു. നോമ്പുകാരനായിരിക്കുന്ന അവസ്ഥയിലും അല്ലാത്ത അവസ്ഥയിലും ഉറക്കിൽനിന്ന് ഉണരുമ്പോഴും വുദൂഅ് ചെയ്യുമ്പോഴും വീട്ടിൽ പ്രവേശിക്കുമ്പോഴും ശുദ്ധി വരുത്തിയിരുന്നു. സുഗന്ധം അങ്ങേയറ്റം ഇഷ്ടപ്പെട്ടു. അത് ആരെങ്കിലും കൊടുത്താൽ നിരസിക്കുമായിരുന്നില്ല. തലമുടി ചീകുന്നത് പ്രിയമായിരുന്നു. ചിലപ്പോൾ സ്വയം ചെയ്യും. മറ്റു ചിലപ്പോൾ ആഇശ(റ) തലമുടി ചീകിക്കൊടുക്കുമായിരുന്നു.

രാഷ്ട്രീയ നേതാക്കന്മാരെയും താരങ്ങളെയും മോഡലുകളെയും അനുകരിക്കാതെ അല്ലാഹുവിന്റെ ദൂതനെ(സ്വ) മാതൃകയാക്കാൻ ആധുനിക മുസ്‌ലിം സമുദായം തയ്യാറാകേണ്ടതുണ്ട്.

*നബി(സ്വ)യുടെ കർമമേഖലയെ നാലായി തിരിക്കാം*

**ഒന്ന്:** മറ്റു മനുഷ്യരെപ്പോലെ പ്രകൃതിദത്തമായ, മനുഷ്യസഹജമായി ഉണ്ടാകുന്ന പ്രവർത്തനങ്ങൾ. അതിന് പ്രവാചകത്വവുമായി ബന്ധമുണ്ടാവില്ല. നബി(സ്വ)യുടെ ചലനങ്ങൾ, ഇരുത്തം, നിൽക്കൽ, ആഹാരം കഴിക്കൽ, പാനം ചെയ്യൽ, ഉറക്കം പോലുള്ളവ ഉദാഹരണം.

എന്നാൽ കൽപനയോ നിരോധനമോ ഇല്ലാത്ത ഇത്തരം കാര്യങ്ങൾ നബിയിൽ നിന്ന് ഒരു പ്രത്യേക രീതിയിൽ പതിവായി ഉണ്ടായാൽ അത് മുസ്തഹബ്ബ് (അപ്രകാരം ചെയ്യുന്നത് പ്രിയങ്കരം) ആണ്; വലത് ഭാഗത്തേക്ക് ചെരിഞ്ഞു കിടക്കുന്നതുപോലെ.

**രണ്ട് :** നാടിന്റെ രീതിക്കും ജനങ്ങളുടെ പതിവിനും യോജിക്കുന്ന രീതിയിൽ പ്രചരിച്ചു കൊണ്ടിരിക്കുന്ന പ്രവർത്തനം. അതിന് ശരീഅത്തുമായി ബന്ധമില്ല. പ്രവാചകത്വത്തിന് മുമ്പ് നബി(സ്വ) എപ്രകാരമാണോ വസ്ത്രം ധരിച്ചിരുന്നത് അപ്രകാരമായിരുന്നു പ്രവാചകത്വത്തിനു ശേഷവും ധരിച്ചത്, അതിൽ മാറ്റം വരുത്തിയിരുന്നില്ല. പുരുഷനും സ്ത്രീകൾക്കും വസ്ത്രധാരണത്തിൽ ചിട്ടയും നിബന്ധനകളും ഉൾപ്പെടുത്തി എന്ന് മാത്രം.

ഒരു കാര്യത്തിൽ കൽപനയോ പ്രേരണയോ ഉണ്ടായാൽ, അല്ലെങ്കിൽ മതനിയമവുമായി ചേർന്നുവരുന്ന ഒരു പ്രവൃത്തിയോട് ബന്ധിപ്പിച്ച് ഒരു തെളിവുണ്ടായാൽ അതിനെ ശരീഅത്തിന്റെ പരിധിയിൽ പെടുത്തും. വെള്ള വസ്ത്രം ധരിക്കുക, പുരുഷന്മാരുടെ വസ്ത്രം നെരിയാണിക്കു താഴെ ഇറങ്ങാത്ത രൂപത്തിലായിരിക്കുക പോലുള്ളവ ഉദാഹരണം.

**മൂന്ന്:** നബി(സ്വ)ക്ക് മാത്രം അനുവദനീയമായ പ്രവൃത്തി. അത് ആർക്കും അനുകരിക്കൽ അനുവദനീയമല്ല. റമദാൻ മാസത്തിലല്ലാതെ തുടർച്ചയായി നോമ്പ് അനുഷ്ഠിക്കുക, നാലിലധികം സ്ത്രീകളെ ഒരേ സമയം ഭാര്യമാരാക്കുക പോലുള്ളവ.

**നാല്:** അല്ലാഹുവിനുള്ള ആരാധന എന്ന രീതിയിൽ നബി(സ്വ) ചെയ്തത്. ഇതിൽ നബിയെ പിൻപറ്റണം. അതിൽ നിർബന്ധമായതും മുസ്തഹബ്ബായതും ഉണ്ടാകും.

ഒരു പ്രവൃത്തി ചെയ്യുന്നതിൽ നബിയെ പിൻപറ്റേണ്ടത് പോലെത്തന്നെ ഒരു കാര്യം ഉപേക്ഷിക്കുന്ന തിലും നബിയെ മാതൃകയാക്കേണ്ടതുണ്ട്. ഉപേക്ഷിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു കാര്യം ചെയ്യുന്നതിനെ വിട്ടുകളയലാണ്.

*(തുടരും)*

ടി.കെ അശ്റഫ്
: 81118 07199



# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

# കർമവീഥിയിൽ തളരാതെ മുന്നോട്ട്

“

(2024 നവംബർ 10ന് കോഴിക്കോട് ജൂബിലി ഹാളിൽ വെച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ‘തൗഹീദ്, പ്രമാണം, പ്രസ്ഥാനം’ എന്ന പ്രമേയത്തിൽ നടത്തിയ ആദർശ സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് നടത്തിയ പ്രഭാഷണത്തിന്റെ ആശയ സംഗ്രഹം)

കേരളത്തിൽ മാത്രമല്ല, മറ്റു പല സംസ്ഥാനങ്ങളിലും ഇന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന് വേരുകളുണ്ട്. മുജാഹിദ് പ്രസ്ഥാനം ഇവിടെ ഒരു പ്രശ്നവുമില്ലാതെ ഒറ്റക്കെട്ടായി നിലനിൽക്കുകയായിരുന്നുവെങ്കിൽ എന്തൊരു പ്രവർത്തനമാണോ ചെയ്യുക ആ പ്രവർത്തനം ഇന്ന് അതേ ശൈലിയിലും അതേ രൂപത്തിലും ഏറ്റെടുത്തുകൊണ്ടാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മുന്നോട്ടുപോകുന്നത്. എന്നാൽ സംഘടനയുടെ ഔദ്യോഗികത അവകാശപ്പെടുന്നവരാകട്ടെ, ആദർശപരമായും സംഘടനാപരമായും അതിന്റെ പാരമ്പര്യത്തിൽ നിന്ന് തിരിച്ചുനടക്കുന്ന കാഴ്ചയാണ് ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. മുജാഹിദുകളിൽ ആത്മാർഥതയുള്ളവർ, കേൾക്കാനും പഠിക്കാനും തയ്യാറാകുന്നവർ സത്യം തിരിച്ചറിഞ്ഞ് ഈ കൂട്ടായ്മയുടെ ഒപ്പം സഞ്ചരിക്കും; വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ മെമ്പർഷിപ്പ് എടുത്താലും ഇല്ലെങ്കിലും.

‘നിങ്ങൾക്ക് ആറു മാസം മാത്രമെ ആയുസ്സുള്ളൂ’ എന്നാണ് ഔദ്യോഗികത അവകാശപ്പെട്ടവർ പറഞ്ഞു പ്രചരിപ്പിച്ചിരുന്നത്. 12 വർഷം പിന്നിട്ടപ്പോഴുള്ള കാഴ്ച അവരെ വല്ലാതെ അരിശം കൊ

ള്ളിക്കുന്നുണ്ട്. ഇവർ പള്ളികൾ തോറും ജിന്നുസേവ കേന്ദ്രങ്ങൾ ഉണ്ടാക്കും എന്നൊക്കെ പറഞ്ഞ് സാധാരണക്കാരെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു. അത് വിശ്വസിച്ചവർക്കൊക്കെ ഇപ്പോൾ സത്യാവസ്ഥ ബോധ്യപ്പെട്ടിട്ടുണ്ട്. അവരുടെ എല്ലാ ആരോപണങ്ങളും തകർന്നടിഞ്ഞിരിക്കുകയാണ്. ചികിത്സയുടെ മറവിൽ അനിസ്‌ലാമിക ചെയ്തികൾ നടത്തുന്നവരെ വിസ്ഡം വേദിയിൽ നിന്ന് മാറ്റി നിർത്തിയ ചരിത്രമാണ് അതിനുള്ളത്.

നമ്മൾ നിരീക്ഷിച്ച കാര്യങ്ങൾ ശരിയാണെന്ന് കാലം തെളിയിക്കുകയാണ്. 'ആദർശരഹിത ഐക്യം ഉണ്ടാക്കി ചിലരുടെ സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കാനാണ് ശിർക്ക് ആരോപിച്ച് ഒരുകൂട്ടം ആളുകളെ നിങ്ങൾ പുറത്താക്കിയത്. അങ്ങനെ ശിർക്കാരോപിച്ച് പുറത്താക്കിയത് നിങ്ങൾക്ക് മർകസുദ്ദഅ്‌വയുമായി ഐക്യപ്പെടാനാണ്. അതിന് തടസ്സം നിന്ന ആളുകളെ ഒഴിവാക്കാനാണ് ഈ കടുംകൈ ചെയ്തത്' എന്നായിരുന്നു ഞങ്ങൾ പറഞ്ഞത്. അതുതന്നെ സംഭവിച്ചു, അഥവാ അവർ ആദർശ വ്യതിയാനം തിരുത്താതെ ഐക്യപ്പെട്ടു.

ഐക്യം യാഥാർഥ്യമാകണമെങ്കിൽ ആദർശത്തിൽ വ്യക്തത വേണമെന്ന് നമ്മൾ പറഞ്ഞു. അല്ലാത്തപക്ഷം ഐക്യം വെള്ളത്തിൽ വരച്ച വരപോലെയാകുമെന്നും നമ്മൾ വ്യക്തമാക്കി. ആദർശവ്യതിയാന കാര്യങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിച്ച ശേഷമാണ് ഈ ഐക്യമെന്ന് മാധ്യമങ്ങൾക്കു മുമ്പിൽ വന്ന് നേതാക്കൾ പറഞ്ഞു. നമ്മൾ ഓരോ വിഷയവും എണ്ണിയെണ്ണി വിശദീകരിച്ചു. ഇതിലൊന്നും നിങ്ങൾക്കിടയിൽ തീരുമാനമായിട്ടില്ല എന്ന്, അതുകൊണ്ട് നിങ്ങൾക്ക് ഈ തട്ടിക്കൂട്ട് ഐക്യവുമായി മുന്നോട്ടു പോകാൻ കഴിയില്ല എന്ന് നാം പറഞ്ഞു. ഞങ്ങൾ ഭംഗയായി മുന്നോട്ടു കൊണ്ടുപോകും, നിങ്ങൾ അസൂയകൊണ്ട് പറയുകയാണെന്നായിരുന്നു മറുപടി. എന്നാൽ മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും നാം പറഞ്ഞതുപോലെ തന്നെ ഐക്യപ്പെട്ടവർ രണ്ടായിത്തന്നെ പ്രവർത്തിക്കുന്ന രംഗമാണ് പിന്നീട് നമുക്ക് കാണാൻ കഴിഞ്ഞത്.

ആദർശം തിരുത്താതെ കുറച്ചു പേർ സിഡി ടവറിൽ ഇപ്പോഴും നിലകൊള്ളുന്നുണ്ട്. ഈ നിലപാട് പ്രാദേശിക ദഅ്‌വ പ്രവർത്തനങ്ങളെ പോലും ബാധിക്കും എന്ന് നാം പറഞ്ഞു. മർകസുദ്ദഅ്‌വയിൽ നിന്ന് ഐക്യപ്പെട്ടു വന്ന ടീം തിരിച്ചു പോയപ്പോൾ കുറച്ചു പേർ ലയിച്ച വിഭാഗത്തിൽ തന്നെ നിലകൊണ്ടു. അപ്പോൾ നമ്മൾ പറഞ്ഞു; ഈ ബാക്കി നിൽക്കുന്ന ആളുകൾ അവരുടെ തെറ്റായ ആദർശനിലപാടുകളിൽ മാറ്റം വരുത്താതെ പ്രവർത്തിച്ചാൽ നിങ്ങളുടെ ദഅ്‌വാ പ്രവർത്തനങ്ങൾ മുന്നോട്ട് പോകില്ല എന്ന്. അതിന്റെ അടയാളങ്ങൾ പ്രകടമാണ്. ഇന്ന് അവർക്ക് പല ശാഖകളിലും സംഘടന നിശ്ചയിക്കുന്ന പരിപാടികൾ നടത്താൻ കഴിയുന്നില്ല. നന്നായി പ്രവർത്തിച്ചിരുന്ന പല മണ്ഡലങ്ങളും ശാഖകളും നിഷ്‌ക്രിയമാണ്. മാത്രവുമല്ല, ഒരു സമ്മേളനം സംഘടിപ്പിച്ചിട്ട് അതിന് പരസ്പരം മറുപടി പറയേണ്ട അവസ്ഥ പോലും ഉണ്ടായിട്ടുണ്ട്. ഖത്വീബുമാർക്ക് വിഷയങ്ങൾ തുറന്ന് സംസാരിക്കാൻ പലപ്പോഴും കഴിയുന്നില്ല.

മർകസുദ്ദഅ്‌വ വിഭാഗത്തിന് സംഭവിച്ച അദർശ വ്യതിയാനം കെഎൻഎം സംഘടനാ മീറ്റിംഗുകളിൽ വിശദമായി ചർച്ച ചെയ്ത ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന് സാധ്യമാണോ? അതേ ആശയമുള്ള ആളുകൾ ശാഖ കമ്മിറ്റി മുതൽ സംസ്ഥാന കമ്മിറ്റിയിൽ വരെ ഇരിക്കുമ്പോൾ എങ്ങനെ സെക്രട്ടറിയേറ്റ്/എക്സിക്യൂട്ടീവ്/ കൗൺസിൽ യോഗങ്ങളിൽ ചർച്ച ചെയ്യും? എങ്ങനെ പണ്ഡിതസഭയിൽ ചർച്ച ചെയ്യും? അഥവാ ചർച്ചക്കെടുത്താൽ അന്നേരം സംഘടനയിൽ പ്രതിസന്ധിയുണ്ടാകും.

നിശ്ശബ്ദരായാൽ സംഭവിക്കാൻ പോകുന്നത് മർകസുദ്ദഅ്‌വയുടെ ആശയക്കാർ കെഎൻഎമ്മിനെ ഹൈജാക്ക് ചെയ്യും എന്നതാണ്. ഭാവിയിൽ, ശേഷിക്കുന്ന മർകസുദ്ദഅ്‌വക്കാർ കൂടി കെഎൻഎമ്മിലേക്ക് വരും. മർകസുദ്ദഅ്‌വക്കാർ ഇപ്പോൾ ആദർശ വിശദീകരണങ്ങളിൽ പറഞ്ഞുകൊണ്ടിരിക്കുന്ന വികല വാദങ്ങളെന്തൊക്കെയാണോ അതെല്ലാം കെഎൻഎമ്മിന്റെ വേദികളിലുമെത്തും. പ്രതികരിച്ചാൽ കൂടെയുള്ളവർ പിണങ്ങി വീണ്ടും പ്രശ്നമുണ്ടാകും. ഇതാണ് സംഭവിക്കാൻ പോകുന്നത്. അതോടെ മുജാഹിദ് പ്രസ്ഥാനം പതിറ്റാണ്ടുകൾ പരിശ്രമിച്ചുണ്ടാക്കിയ സ്ഥാപനങ്ങളും പള്ളികളുമെല്ലാം ഹദീസ് നിഷേധവും മതയുക്തിവാദവും വെളിവാക്കുന്ന ഇടങ്ങളായി മാറും. അവയൊക്കെ ഉയർന്നുവന്നത് നമ്മുടെ മുൻഗാമികളുടെ പരിശ്രമ ഫലമായിട്ടാണ്. നമ്മളും സാമ്പത്തികമായും ശാരീരികമായും അതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ അവയെ കൃത്യമായി തൗഹീദ് പറയുന്ന, ഹദീസുകളുടെ പ്രാധാന്യം പഠിപ്പിക്കുന്ന സ്ഥാപനങ്ങളും പള്ളികളുമായി നിലനിർ

ത്തുക എന്നത് മുജാഹിദുകളുടെ ഉത്തരവാദിത്തമാണ്.

ഏതായിരുന്നാലും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ഒരു കുഴപ്പത്തിനും വരാൻ ഉദ്ദേശിക്കുന്നില്ല. വസ്തുതകൾ ചൂണ്ടിക്കാണിക്കുക എന്ന ഉത്തരവാദിത്തം നിർവഹിക്കുന്നു എന്നു മാത്രം. നമ്മൾ ഇതിന് വിസ്ഡം എന്ന പേരു സ്വീകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചത് പ്രശ്നത്തിന് പോകണ്ട എന്ന് വിചാരിച്ചിട്ടാണ്. ഒരു പേരിനു പിന്നാലെ പോയി പ്രബോധന രംഗത്ത് ചെലവഴിക്കേണ്ട ഊർജവും സമ്പത്തും സമയവും നഷ്ടപ്പെടുത്തേണ്ട എന്നു കരുതിയിട്ടാണ്.

ബഹുമാന്യനായ കരുവള്ളി മുഹമ്മദ് മൗലവിയെ പോലെയുള്ള പണ്ഡിതന്മാർ ഞങ്ങളെ ഉപദേശിച്ചത് മുജാഹിദ് പ്രസ്ഥാനം എന്ത് ആദർശമാണോ മുന്നോട്ടുവെച്ചത് അതുമായി മുന്നോട്ടു പോയിക്കൊള്ളൂ, സംഘടനക്ക് മറ്റൊരു പേര് സ്വീകരിച്ചാലും കുഴപ്പമില്ല എന്നാണ്. അങ്ങനെയൊക്കെ കോംപ്രമൈസ് ചെയ്ത ഒരു സംഘമാണിത്. എന്നാൽ നമ്മൾ നടത്തിവരുന്ന പള്ളികളും സ്ഥാപനങ്ങളും സംരക്ഷിക്കുവാൻ വേണ്ടി നിയമ പോരാട്ടം ആവശ്യമായിടത്ത് അത് ചെയ്തിട്ടുണ്ട്. മുജാഹിദ് ആദർശം ഉള്ളവർക്കാണ് മുജാഹിദുകൾ ഉണ്ടാക്കിയ പള്ളിയും മദ്റസയും നടത്താനുള്ള അർഹതയുള്ളത്.

'നിങ്ങളാരാണ്' എന്നാണ് ഇവർ പരിഹാസ രൂപേണ നമ്മോട് ചോദിക്കുന്നത്. ഞങ്ങൾ കെ.എം മൗലവി, കെ. ഉമർ മൗലവി, അമാനി മൗലവി, ഇ.കെ മൗലവി പോലുള്ള അനേകം മുജാഹിദ് പണ്ഡിതന്മാർ ക്വുർആനിന്റെയും തിരുസുന്നത്തിന്റെയും വെളിച്ചത്തിൽ പഠിപ്പിച്ച തൗഹീദിന്റെ വക്താക്കളാണ് ഞങ്ങൾ എന്നാണ് അതിനുള്ള മറുപടി. പ്രാമാണികമായി തൗഹീദിനെ കുറിച്ച് അവർ എഴുതിയതെല്ലാം പൂർണമായി അംഗീകരിക്കുന്നവരാണ് നമ്മൾ. എന്നാൽ സംഘടനയുടെ ലെറ്റർ പാഡും ഓഫീസും ഞങ്ങളുടെ കൈകളിലാണ് എന്ന് ഊറ്റം കൊള്ളുന്നവർക്ക് ഇപ്പറഞ്ഞതുപൊലെ പ്രഖ്യാപിക്കുവാൻ ധൈര്യമുണ്ടോ?

അവരൊക്കെ സുന്നികളായിരുന്ന കാലത്താണ് ഇത് എഴുതിയിട്ടുള്ളത് എന്ന് പറഞ്ഞ് ന്യായം കണ്ടെത്തുന്ന, കെഎം മൗലവിയെയും ഇ.കെ മൗലവിയെയും മുഹമ്മദ് അമാനി മൗലവിയെയും കെ. ഉമർ മൗലവിയെയും വരെ തള്ളിപ്പറയുന്നവർക്കെങ്ങനെ കെഎൻഎമ്മിന്റെ പാരമ്പര്യം അവകാശപ്പെടാനാകും?

മർകസുദ്ദഅ്‌വക്കാർക്ക് ഇപ്പോൾ വേണ്ടത് മുൻകാല നേതാക്കളുടെ ഫോട്ടോകൾ മാത്രമാണ്; ആദർശമല്ല. എന്നാൽ നമുക്കു വേണ്ടത് അവരുടെ ആദർശമാണ്. നാം പ്രബോധനം ചെയ്യുന്നത് അവർ പ്രബോധനം ചെയ്ത ആദർശമാണ്.

മറ്റുള്ളവർ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനമോ പള്ളിയോ കയ്യേറുക എന്ന അക്രമം വിസ്ഡം പ്രവർത്തകർ ചെയ്തിട്ടില്ല, ചെയ്യുകയുമില്ല. എന്നാൽ അങ്ങനെയുള്ള കാര്യം ചെയ്യുവാനും പള്ളി പൂട്ടിക്കുവാനും തയ്യാറാകുന്ന അവസ്ഥയിലേക്ക് കെഎൻഎം എന്ന സംഘടന അധഃപതിച്ചിരിക്കുന്നു.

ക്വുർആനും സുന്നത്തുമാണ് നമ്മുടെ പ്രമാണം. അവയെ സച്ചരിതരായ മുൻഗാമികൾ മനസ്സിലാക്കിയതും വിശദീകരിച്ചതും അവഗണിച്ച് തോന്നിയതുപോലെ വിശദീകരിക്കുന്നവരല്ല സലഫികൾ. സിഡി ടവർ വിഭാഗവും മർകസുദ്ദഅ്‌വ വിഭാഗവും ഇപ്പോൾ ചെയ്യുന്നത് തോന്നിയതുപോലെ വിശദീകരിക്കലാണ്. അവർക്ക് മുൻഗാമികളായ പണ്ഡിതന്മാരുടെ ക്വുർആൻ തഫ്സീറുകളെയും പ്രാമാണിക ഗ്രന്ഥങ്ങളെയും പേടിയാണ്. പല ഹദീസുകളോടും പുച്ഛമാണ്. മുജാഹിദ് പ്രസ്ഥാനത്തിന്റെ ചരിത്രത്തെ ഭയമാണ്. സ്വന്തം നേതാക്കളുടെ പഴയ പ്രസംഗങ്ങളോട് അലർജിയാണ്. എന്നാൽ ആദർശത്തിന്റെ വഴിയിൽ വിട്ടുവീഴ്ച ചെയ്യാത്തതിനാൽ നമുക്ക് യാതൊരു ഭയവുമില്ല.

നമുക്കു മേൽ ശിർക്ക് ആരോപിക്കുകയും ഈ കൂട്ടായ്മയെ എന്തു വിലകൊടുത്തും തകർക്കാൻ നോക്കുകയും ചെയ്യുന്നവരോട് നമുക്ക് വളരെ വിനയപൂർവം പറയാനുള്ളത് നിങ്ങൾക്ക് ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ സാധ്യമല്ല എന്നാണ്. കാരണം ഞങ്ങൾ സത്യത്തിന്റെ മാർഗത്തിലാണ് നിലകൊള്ളുന്നത്. നബി(സ്വ)യും സ്വഹാബത്തും നിലകൊണ്ട മാർഗമാണത്. അതുതന്നെയാണ് മുൻകാല മുജാഹിദ് പണ്ഡിതന്മാരുടെയും മാർഗം. അതുകൊണ്ട് അല്ലാഹുവിന്റെ സഹായം ഞങ്ങളോടൊപ്പമുണ്ടാകും എന്ന കാര്യം ഉറപ്പാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ യഥാവിധി നിലകൊള്ളുന്നവർക്കേ അവന്റെ സഹായം ലഭിക്കുകയുള്ളൂ. ഇക്കാര്യം വിസ്ഡം പ്രവർത്തകരും ഓർത്തുവെക്കുക. അല്ലാഹുവിന്റെ വഴിയിൽനിന്ന് നാം ചിതറിപ്പോയാൽ അല്ലാഹു നമ്മെ കൈവിടും.

*(തയ്യാറാക്കിയത്: ഉസ്മാൻ പാലക്കാഴി)*

ശമീർ മദീനി
: 9048 221 212

# മക്കളുടെ വിവാഹം

മക്കൾ അല്ലാഹു നമുക്ക് നൽകിയ മഹത്തായ അനുഗ്രഹങ്ങളിൽ പെട്ടതാണ്. അവരെ മാന്യമായി വളർത്തുവാനും അവർക്ക് വിദ്യാഭ്യാസം നൽകുവാനും സംസ്കാര സമ്പന്നരാക്കി മാറ്റുവാനും വിവാഹപ്രായം എത്തിയാൽ അവരെ മാന്യമായി വിവാഹം കഴിപ്പിക്കുവാനുമൊക്കെ രക്ഷിതാക്കൾ എന്നുള്ള നിലയിൽ നാം ബാധ്യസ്ഥരും ശ്രദ്ധിക്കേണ്ടവരുമാണ്.

സ്വന്തം മക്കൾക്കോ മറ്റാർക്കെങ്കിലോ വേണ്ടി ഒരു ഇണയെ തെരയുമ്പോൾ കേവലം ഭൗതിക സൗകര്യങ്ങളോ സാമ്പത്തികമായ പുരോഗതിയോ കുടുംബ മഹിമയോ സൗന്ദര്യമോ ഒന്നുമല്ല ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രഥമവും പ്രധാനവുമായ പരിഗണനക്ക് വരേണ്ടത്. പ്രവാചക തിരുമേനി(സ്വ) ഉണർത്തിയത് പോലെ മതനിഷ്ഠയും ധാർമിക ബോധവുമാണ് അതിപ്രധാനമായത്. എന്നാൽ സങ്കടകരം എന്നു പറയട്ടെ, ഇന്ന് മിക്കവാറും ആളുകൾ ശ്രദ്ധിക്കുന്നത് മേൽ പറഞ്ഞ സൗന്ദര്യത്തിന്റെയും സമ്പത്തിന്റെയും തറവാടിത്തത്തിന്റെയുമൊക്കെ കാര്യങ്ങളിലാണ്. മതത്തിന്റെ വിഷയം പാടെ അവഗണിച്ചു കൊണ്ടുള്ള ഇത്തരം 'സെലക്ഷനു'കൾ വർധിക്കുന്നതായാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. പടച്ചവന്റെ മാർഗനിർദേശങ്ങളെ അവഗണിക്കുകയാണ് ഇവിടെ ചെയ്യുന്നത് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. അതുകൊണ്ടുതന്നെ അതിന്റേതായ ദുരന്തങ്ങൾ പിന്നീട് അവരുടെ ദാമ്പത്യ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്നു എന്നത് ഒരു ദുഃഖ സത്യമാണ്. അല്ലാഹു പറയുന്നു:

وَمَنْ أَعْرَضَ عَن ذِكْرِي فَإِنَّ لَهُ مَعِيشَةً ضَنكًا وَنَحْشُرُهُ يَوْمَ الْقِيَامَةِ أَعْمَىٰ

'എന്റെ ഉദ്ബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപ്പിച്ചുകൊണ്ടുവരുന്നതാണ്.'(20:124)

പ്രവാചകൻ (സ്വ) പറയുന്നു : 'നിങ്ങളുടെ അടുക്കൽ നിങ്ങൾ തൃപ്തിപ്പെടുന്ന മതനിഷ്ഠയുള്ളവനും നല്ല സ്വഭാവക്കാരനുമായ ആരെങ്കിലും വിവാഹാന്വേഷണവുമായി വന്നാൽ നിങ്ങൾ അയാൾക്ക് വിവാഹം കഴിച്ചു കൊടുക്കുക. ഇല്ലെങ്കിൽ ഭൂമിയിൽ വ്യാപകമായ ദുരന്തങ്ങളും കുഴപ്പങ്ങളുംഉണ്ടാകുന്നതാണ് ' (തിർമുദി).

മേൽപറഞ്ഞ ഹദീസിൽ രണ്ടു കാര്യങ്ങൾ നമുക്ക് കാണാവുന്നതാണ്. ഒന്ന്, മതനിഷ്ഠയുള്ള വ്യക്തി. അതായത് ആരാധനകളുടെ കാര്യത്തിലും മതബോധത്തിന്റെ വിഷയത്തിലും ശ്രദ്ധയുള്ള ആളായിരിക്കണം നമ്മുടെ മകളുടെ ഭർത്താവായി, അല്ലെങ്കിൽ മകന്റെ ഭാര്യയായി നാം തെരഞ്ഞെടുക്കുന്ന വ്യക്തി. എന്നാൽ അതുകൊണ്ട് മാത്രമായില്ല. രണ്ടാമത് പറഞ്ഞ സ്വഭാവഗുണങ്ങൾ, അതും വളരെ പ്രധാനപ്പെട്ടതാണ്. ഒന്നുണ്ടായതുകൊണ്ട് മറ്റേത് ഉണ്ടായിക്കൊള്ളണമെന്നുമില്ല. പള്ളിയിൽ ജമാഅത്തുകൾക്ക് കൃത്യമായി പങ്കെടുക്കുകയും നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ സുന്നത്ത് നമസ്കാരങ്ങളും നിർവഹിക്കുന്ന, നെറ്റിയിൽ വലിയ നിസ്കാരത്തഴമ്പുള്ള വ്യക്തിയുമൊക്കെയാണെങ്കിലും സൽസ്വഭാവങ്ങളുടെ കാര്യത്തിൽ അയാൾ മികച്ച ആളായിരിക്കണമെന്നില്ല.

പ്രകടമായി ചെയ്യുന്ന ആരാധനകളും സ്വഭാവ ഗുണങ്ങളും പരസ്പരം പൊരുത്തപ്പെടുന്നതല്ല. അതുകൊണ്ടാണ് നബി (സ്വ) രണ്ടും എടുത്തു പറഞ്ഞത്. ഒന്നുണ്ടായതുകൊണ്ട് മറ്റൊന്ന് ഉണ്ടാകണമെന്നില്ല. മറിച്ച് രണ്ടും ഒരുപോലെ വേണ്ടതും ദാമ്പത്യ ജീവിതത്തിന്റെ വിജയത്തിന് ഏറെ പ്രധാനപ്പെട്ടതുമാണ്.

അതിനാൽ നിസ്കാരവും നോമ്പും ഹജ്ജും ഉംറയും പോലുള്ള ആരാധനാകർമങ്ങളിൽ മാത്രമല്ല സ്വഭാവത്തിന്റെ കാര്യത്തിലും യഥാർഥ വിശ്വാസിയുടെ രീതി പിൻപറ്റുന്ന ഒരുവനെയാണ് (അഥവാ ഒരുവളെയാണ്) തന്റെ സന്താനത്തിന് ഇണയായി തെരഞ്ഞെടുക്കേണ്ടത് എന്ന് സാരം. എങ്കിലേ സുന്ദരമായ ഒരു കുടുംബ ജീവിതത്തിന് അസ്തിവാരമിടാൻ അവർക്ക് സാധിക്കുകയുള്ളൂ.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുൽ അഹ്സാബ്

സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം 33

وَبَشِّرِ الْمُؤْمِنِينَ بِأَنَّ لَهُم مِّنَ اللَّهِ
فَضْلًا كَبِيرًا ﴿٤٧﴾
وَلَا تُطِعِ الْكَافِرِينَ وَالْمُنَافِقِينَ وَدَعْ أَذَاهُمْ
وَتَوَكَّلْ عَلَى اللَّهِ ۚ وَكَفَىٰ بِاللَّهِ وَكِيلًا ﴿٤٨﴾
يَا أَيُّهَا الَّذِينَ آمَنُوا إِذَا نَكَحْتُمُ
الْمُؤْمِنَاتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ
أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ
عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ
سَرَاحًا جَمِيلًا ﴿٤٩﴾
يَا أَيُّهَا النَّبِيُّ إِنَّا أَحْلَلْنَا لَكَ أَزْوَاجَكَ
اللَّاتِي آتَيْتَ أُجُورَهُنَّ وَمَا مَلَكَتْ
يَمِينُكَ مِمَّا أَفَاءَ اللَّهُ عَلَيْكَ وَبَنَاتِ
عَمِّكَ وَبَنَاتِ عَمَّاتِكَ وَبَنَاتِ خَالِكَ
وَبَنَاتِ خَالَاتِكَ اللَّاتِي هَاجَرْنَ مَعَكَ
وَامْرَأَةً مُّؤْمِنَةً إِن وَهَبَتْ نَفْسَهَا لِلنَّبِيِّ
إِنْ أَرَادَ النَّبِيُّ أَن يَسْتَنكِحَهَا خَالِصَةً
لَّكَ مِن دُونِ الْمُؤْمِنِينَ ۗ قَدْ عَلِمْنَا مَا
فَرَضْنَا عَلَيْهِمْ فِي أَزْوَاجِهِمْ وَمَا مَلَكَتْ
أَيْمَانُهُمْ لِكَيْلَا يَكُونَ عَلَيْكَ حَرَجٌ ۗ
وَكَانَ اللَّهُ غَفُورًا رَّحِيمًا ﴿٥٠﴾

47. സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്ന് വലിയ ഔദാര്യം ലഭിക്കാനുണ്ട് എന്ന് നീ അവരെ സന്തോഷ വാർത്ത അറിയിക്കുക.

48. സത്യനിഷേധികളെയും കപടവിശ്വാസികളെയും നീ അനുസരിച്ചുപോകരുത്. അവരുടെ ദ്രോഹം നീ അവഗണി ക്കുകയും അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.

49. സത്യവിശ്വാസികളേ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് നിങ്ങളവരെ സ്പർ ശിക്കുന്നതിന് മുമ്പായി അവരെ വിവാഹമോചനം നടത്തുകയും ചെയ്താൽ നിങ്ങൾ എണ്ണിക്കണക്കാക്കു ന്ന ഇദ്ദഃ ആചരിക്കേണ്ട ബാധ്യത അവർക്കു നിങ്ങളോ ടില്ല. എന്നാൽ നിങ്ങൾ അവർക്ക് മതാഅ് നൽകുകയും അവരെ ഭംഗിയായി പിരിച്ചയക്കുകയും ചെയ്യുക.

50. നബിയേ, നീ വിവാഹമൂല്യം കൊടുത്തിട്ടുള്ളവരായ നിന്റെ ഭാര്യമാരെ നിനക്ക് നാം അനുവദിച്ചു തന്നിരിക്കു ന്നു. അല്ലാഹു നിനക്ക് (യുദ്ധത്തിൽ) അധീനപ്പെടുത്തി ത്തന്ന കൂട്ടത്തിൽ നിന്റെ വലതുകൈ ഉടമപ്പെടുത്തിയ (അടിമ) സ്ത്രീകളെയും നിന്നോടൊപ്പം സ്വദേശം വിട്ടു പോന്നവരായ നിന്റെ പിതൃവ്യന്റെ പുത്രിമാർ, നിന്റെ പിതൃസഹോദരിമാരുടെ പുത്രിമാർ, നിന്റെ അമ്മാവന്റെ പുത്രിമാർ, നിന്റെ മാതൃസഹോദരിമാരുടെ പുത്രിമാർ എന്നിവരെയും (വിവാഹം ചെയ്യാൻ അനുവദിച്ചിരി ക്കുന്നു.) സത്യവിശ്വാസിനിയായ ഒരു സ്ത്രീ സ്വദേഹം നബിക്ക് ദാനം ചെയ്യുന്ന പക്ഷം നബി അവളെ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അതും (അനുവദിച്ചിരിക്കു ന്നു). ഇത് സത്യവിശ്വാസികളെ കൂടാതെ നിനക്ക് മാത്ര മുള്ളതാകുന്നു. അവരുടെ ഭാര്യമാരുടെയും അവരുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരുടെയും കാര്യ ത്തിൽ നാം നിയമമായി നിശ്ചയിച്ചിട്ടുള്ളത് നമുക്കറി യാം. നിനക്ക് യാതൊരു വിഷമവും ഉണ്ടാവാതിരിക്കാൻ വേണ്ടിയത്രെ ഇത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

(47). അല്ലാഹു പറയുന്നു: (സത്യവിശ്വാസികൾക്ക് അല്ലാഹുവിൽനിന്ന് വലിയ ഔദാര്യം ലഭിക്കാനുണ്ട് എന്ന് അവരെ നീ സന്തോഷവാർത്ത അറിയിക്കുക) ആർക്കാണ് സന്തോഷവാർത്തയെന്ന് ഇവിടെ പറയുന്നു; വിശ്വാസികൾക്ക്. വിശ്വാസം എന്ന് മാത്രം പറഞ്ഞാലും സൽപ്രവർത്തനങ്ങളും അതിൽ ഉൾപ്പെടും. മഹത്തായ ഔദാര്യത്തെക്കുറിച്ചാണ് സന്തോഷവാർത്ത. അതായത് കണക്ക് നിശ്ചയിക്കാനാകാത്ത മഹത്തായ ഔദാര്യം. ദുനിയാവിലെ സഹായം, ഹൃദയങ്ങൾക്ക് മാർഗദർശനം, പാപമോചനം, ദുരിതങ്ങളിൽനിന്ന് ആശ്വാസം, സമൃദ്ധവും വർധിച്ചതുമായ ഉപജീവനം, അനുഗ്രഹം നൽകൽ, തങ്ങളുടെ രക്ഷിതാവിന്റെ പ്രീതിയും പ്രതിഫലവും നേടിയെടുക്കൽ, അവന്റെ കോപത്തിൽനിന്നും ശിക്ഷയിൽനിന്നും രക്ഷ നേടൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഇത് ആളുകളെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. അവരുടെ സൽകർമങ്ങൾക്ക് അല്ലാഹു അവർക്ക് നൽകുന്ന പ്രതിഫലത്തെക്കുറിച്ച് അവരോട് പറഞ്ഞു. ഇത് നേരായ പാത പിന്തുടരാൻ അവരെ സഹായിക്കുന്നു. ഇത് ഇസ്‌ലാമിക വിജ്ഞാനത്തിന്റെ ഭാഗമാണ്. അതിന്റെ മറ്റൊരു വശം ശിക്ഷകളെക്കുറിച്ച് പറയലാണ്; അത് ലഭിക്കാൻ കാരണമാകുന്ന കാര്യങ്ങളും. അത് നിഷിദ്ധങ്ങളിൽനിന്ന് മാറി നിൽക്കാൻ സഹായകരമാകും.

48) എന്തെന്നാൽ പ്രവാചകന്മാരെയും അവരുടെ അനുയായികളെയും എതിർക്കാൻ സന്നദ്ധരായ ചിലരുണ്ട്. അവർ കപടവിശ്വാസികളാണ്. അവർ പുറമെ വിശ്വാസത്തോട് യോജിപ്പ് പുലർത്തുന്നവരും ഉള്ളിൽ അവിശ്വാസികളും ദുഷ്പ്രവൃത്തിക്കാരുമാകുന്നു. അവിശ്വാസികൾ അകത്തും പുറത്തും ഒരുപോലെയാണ്. അവരെ അനുസരിക്കരുതെന്നാണ് അല്ലാഹു തന്റെ ദൂതനോട് പറയുന്നത്. അദ്ദേഹത്തെ താക്കീത് ചെയ്യുകയും ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തടയുന്ന ഒരു കാര്യത്തിലും (സത്യനിഷേധികളെയും കപടവിശ്വാസികളെയും നീ അനുസരിച്ച് പോകരുത്).

അതിനർഥം അവരെ ഉപദ്രവിക്കണമെന്നതല്ല; അവരെ അനുസരിക്കരുതെന്നാണ്. (അവരുടെ ദ്രോഹം നീ അവഗണിക്കുക) അവരുടെ ദ്രോഹകരമായ സംസാരം ശ്രദ്ധിക്കരുത്. അത് അവരുടെ ഹൃദയത്തെ മയപ്പെടുത്തുകയും ഇസ്‌ലാം സ്വീകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. മാത്രമല്ല അവർ ഇസ്‌ലാമിനും അതിന്റെ അനുയായികൾക്കും ചെയ്യുന്ന ദ്രോഹങ്ങൾ അവസാനിപ്പിച്ചേക്കാം. (അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക) നിങ്ങൾക്ക് വിജയിക്കാനും ശത്രുവിനെ പരാജയപ്പെടുത്താനും. (കൈകാര്യകർത്താവായി അല്ലാഹുതന്നെ മതി) കാര്യങ്ങൾ അവനെ ഏൽപിക്കുക. അവനത് നിർവഹിക്കുകയും തന്റെ ദാസനത് എളുപ്പമാക്കി കൊടുക്കുകയും ചെയ്യും.

49) ഇവിടെ അല്ലാഹു സത്യവിശ്വാസികളോട് പറയുന്നു; സത്യവിശ്വാസിനികളായ സ്ത്രീകളെ അവർ വിവാഹം കഴിക്കുകയും അവരുമായി ശാരീരിക ബന്ധം പുലർത്തുന്നതിനു മുമ്പ് അവരെ വിവാഹ മോചനം ചെയ്യുകയുമാണെങ്കിൽ ആ സ്ത്രീകൾ 'ഇദ്ദഃ' ആചരിക്കേണ്ടതില്ല. എന്തെങ്കിലും ഭൗതികമായ വിഭവം അവർക്ക് മതാഅ് (മോചനദ്രവ്യം) നൽകാനും അല്ലാഹു അവരോട് നിർദേശിക്കുന്നു. അവരെ വിട്ടുപോകുന്നതിനുള്ള ഒരു പരിഹാരമായിട്ടും വേർപിരിയൽ സൗഹാർദപരമാകാനും തർക്കങ്ങളോ ചീത്തപറയലോ ഒന്നുമില്ലാതെ ഭംഗിയായി വേർപിരിയാനും വേണ്ടിയാണിത്. വിവാഹം നടന്നെങ്കിലേ വിവാഹമോചനം സാധ്യമാകൂ എന്നതിന് ഈ വചനം തെളിവായി ഉദ്ധരിക്കുന്നു. ഒരു സ്ത്രീ വിവാഹം കഴിക്കും മുമ്പ് അവളെ വിവാഹമോചനം ചെയ്യുകയോ അല്ലെങ്കിൽ അവളെ വിവാഹം കഴിക്കുന്ന സമയത്ത് വിവാഹമോചനം വ്യവസ്ഥ ചെയ്യുകയോ ചെയ്താൽ അത് വിവാഹമോചനമായി പരിഗണിക്കപ്പെടില്ല. (നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് അവരെ വിവാഹമോചനം നടത്തുകയും ചെയ്താൽ) വിവാഹമോചനം സമ്പൂർണമായ വേർപിരിയലായതിനാൽ അത് വിവാഹത്തിനു മുമ്പ് സംഭവിക്കില്ല. അതിനാൽ ളിഹാർ, ഈലാഅ് തുടങ്ങിയ മാർഗങ്ങളിലൂടെയുള്ള വിവാഹമോചനവും വിവാഹത്തിന് മുമ്പ് ചെയ്യാൻ കഴിയില്ല. ഇതാണ് ശരിയായ പണ്ഡിത വീക്ഷണം. വിവാഹമോചനം അനുവദനീയമാണെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു.

1) ഭാര്യയെ സമീപിക്കില്ലെന്ന പ്രതിജ്ഞയാണ് ഈലാഅ്.

2) ളിഹാർ എന്നാൽ 'എന്റെ ഉമ്മയെപ്പോലെ നീ എനിക്ക് അനുവദനീയമല്ല' എന്ന് പറയലാണ്. ഇത് നിയമവിരുദ്ധമാണ്.

വിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ടാണ് വാക്യം ആരംഭിക്കുന്നതെങ്കിലും അവരെ ആക്ഷേപിക്കുകയോ കുറ്റപ്പെടു

ത്തുകയോ ശാസിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ ശാരീരിക ബന്ധത്തിനു മുമ്പ് വിവാഹമോചനം അനുവദനീയമാണെന്നും ഇത് സൂചിപ്പിക്കുന്നു.

لَّا جُنَاحَ عَلَيْكُمْ إِن طَلَّقْتُمُ النِّسَاءَ مَا لَمْ تَمَسُّوهُنَّ

"സ്പർശിക്കുന്നതിനു മുമ്പ് നിങ്ങളുടെ ഭാര്യമാരെ വിവാഹമോചനം ചെയ്യുന്നതിന് നിങ്ങൾക്ക് കുറ്റമില്ല" (2:236).

സ്പർശിക്കുന്നതിനു മുമ്പ് ഒരു സ്ത്രീ വിവാഹമോചനം നേടിയാൽ അവർ ഇദ്ദഃ ആചരിക്കേണ്ട ആവശ്യമില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അവർ വിവാഹമോചനം നേടിയ ഉടൻ തന്നെ അവൾ മറ്റൊരാളെ വിവാഹം കഴിക്കുന്നത് അനുവദനീയമാണ്. കാരണം അതിന് ഒരു തടസ്സവുമില്ല. എന്നാൽ വിവാഹം കഴിഞ്ഞ് (സ്പർശനമുണ്ടായാൽ) അവൾ ഇദ്ദഃ ആചരിക്കേണ്ടതുണ്ട്. അവൻ അവളിൽ പ്രവേശിക്കുക എന്നാണിതിന്റെ ഉദ്ദേശ്യം. ഭർത്താവിനൊപ്പം ഭാര്യ തനിച്ചായിരുന്നെങ്കിൽ, ശാരീരിക ബന്ധം നടത്തിയില്ലെങ്കിലും, വിവാഹമോചനമുണ്ടായാൽ അവൾ 'ഇദ്ദഃ' പാലിക്കണം. അതാണ് ഖുലഫാഉർറാശിദീങ്ങളുടെ ഫത്‌വയിലുള്ളത്. ഇതാണ് ശരിയായ വീക്ഷണം.

മാത്രമല്ല ശാരീരികബന്ധത്തിന് മുമ്പ് വിവാഹമോചനം നേടിയ സ്ത്രീക്ക് അവന്റെ കഴിവനുസരിച്ച് മോചനദ്രവ്യം നൽകണം. മഹ്ർ നിശ്ചയിച്ചിട്ടില്ലെങ്കിലാണിത്. എന്നാൽ മഹ്ർ തീരുമാനിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ശാരീരിക ബന്ധത്തിനു മുമ്പ് വിവാഹമോചനം നടന്നാൽ മഹ്ർ പകുതി നൽകണം. അപ്പോൾ മോചനദ്രവ്യം നൽകേണ്ടതില്ല.

ശാരീരിക ബന്ധത്തിന് മുമ്പായാലും ശേഷമായാലും വിവാഹമോചനം ചെയ്യുന്നയാൾ അത് സൗഹാർദപരമായി ചെയ്യണം. ഓരോരുത്തരും മറ്റെയാളോട് നല്ലതു പറയണം. അത് നല്ല നിലയിലായിരിക്കണം. അല്ലാതിരുന്നാൽ വലിയ ദുരന്തങ്ങളുണ്ടാകും. തമ്മിൽ വലിയ ആക്ഷേപങ്ങൾ ഉന്നയിക്കും.

ഇദ്ദഃ എന്നത് ഭർത്താവിന്റെ അവകാശമാണ്. അല്ലാഹു പറയുന്നു: (ഇദ്ദഃ ആചരിക്കേണ്ട ബാധ്യത അവർക്ക് നിങ്ങളോടില്ല) സ്പർശനത്തിന് ശേഷമാണെങ്കിൽ ഇദ്ദഃ വേണമെന്നർഥം. എന്നാൽ ഭർത്താവിന്റെ മരണത്തോടെ വിവാഹബന്ധം അവസാനിക്കുന്ന സ്ത്രീ എല്ലാ സാഹചര്യങ്ങളിലും ഇദ്ദഃ ആചരിക്കണം. അല്ലാഹു പറയുന്നു: (പിന്നീട് നിങ്ങൾ വിവാഹമോചനം ചെയ്താൽ) ശാരീരികബന്ധം നടക്കാത്തതൊഴികെയുള്ള സർവ വിവാഹമോചനങ്ങളിലും ഇദ്ദഃ വേണം

50) ഇവിടെ അല്ലാഹു തന്റെ ദൂതന് മാത്രമായി അനുവദിച്ചതും വിശ്വാസികൾക്ക് പൊതുവായി നൽകിയ അനുവാദങ്ങളും ഒരു കാരുണ്യമായി എടുത്തു പറയുന്നു. (നബിയേ, നീ വിവാഹമൂല്യം കൊടുത്തിട്ടുള്ളവരായ നിന്റെ ഭാര്യമാരെ നിനക്ക് നാം അനുവദിച്ചുതന്നിരിക്കുന്നു. താങ്കൾ മഹ്റ് (വിവാഹമൂല്യം) നൽകിയിട്ടുള്ള ഭാര്യമാർ) ഇത് വിശ്വാസികൾക്കും പ്രവാചകനും പൊതുവായി ബാധകമാകുന്ന കാര്യമാണ്. മഹ്റ് നൽകിയാൽ വിശ്വാസികൾക്കും അവരുടെ ഭാര്യമാർ അനുവദനീയമാണ്. അപ്രകാരം താങ്കൾക്ക് അനുവദിച്ചിരിക്കുന്നു. (താങ്കളുടെ വലം കൈ ഉടമപ്പെടുത്തിയതും) ഉടമപ്പെടുത്തിയതായ അടിമ സ്ത്രീകൾ. (താങ്കൾക്ക് (യുദ്ധത്തിൽ) അധീനപ്പെടുത്തിത്തന്ന കൂട്ടത്തിൽ. അതുപോലെ സത്യനിഷേധികളിൽനിന്ന് പിടിച്ചെടുത്ത മുതലുകളിൽനിന്ന്, അല്ലാഹു നൽകിയ യുദ്ധത്തടവുകാരിൽനിന്ന് നിങ്ങൾക്ക് സ്വന്തമായേക്കാവുന്ന ഏതൊരു അടിമ സ്ത്രീകളെയും നാം നിങ്ങൾക്ക് അനുവദിച്ചിരിക്കുന്നു. ഇതും വിശ്വാസികൾക്കും പ്രവാചകനും പൊതുവായി അനുവദിച്ച കാര്യം തന്നെയാണ്.

പ്രവാചകനും വിശ്വാസികൾക്കും പൊതുവായി അനുവദിച്ച മറ്റൊന്ന് (നിന്റെ പിതൃവ്യന്റെ പുത്രിമാർ, നിന്റെ പിതൃസഹോദരയുടെ പുത്രിമാർ, നിന്റെ മാതൃസഹോദരന്റെ പുത്രിമാർ, നിന്റെ മാതൃസഹോദരിമാരുടെ പുത്രിമാർ എന്നിവരെയും-വിവാഹം ചെയ്യാൻ അനുവദിച്ചിരിക്കുന്നു) പിതൃസഹോദരൻ, പിതൃസഹോദരി, മാതൃസഹോദരൻ, മാതൃസഹോദരി എന്നിവർ അടുത്തവരാണെങ്കിലും അകന്നവരാണെങ്കിലും ഇതിൽപെടും. അനുവദിക്കപ്പെട്ടവർ ഇവർ മാത്രമാണ്. ഇതിൽ നിന്ന് മനസ്സിലാകുന്നത് ഈ പറയപ്പെട്ടവരല്ലാത്തവർ അനുവദനീയമല്ലെന്നാണ്. നേരത്തെ സൂറതുന്നിസാഇൽ ഇത് വന്നിട്ടുണ്ട്. ബന്ധുക്കളായ സ്ത്രീകളിൽ ഈ നാലു വിഭാഗമല്ലാത്തവർ അനുവദിക്കപ്പെട്ടവരല്ല. ഒരാളുടെ ഉമ്മയുടെയും ഉപ്പയുടെയും ഉമ്മമാർ എത്ര തന്നെ മുന്നോട്ടും പുറകോട്ടും പോയാലും അവർ അനുവദിക്കപ്പെട്ടവരല്ല. (നിന്നോടൊപ്പം സ്വദേശം വിട്ട് പോകുന്നവർ) പ്രവാചകന് അനുവദിക്കപ്പെട്ടവരെ പരിമിതപ്പെടുത്തുന്ന ഒരു നിബന്ധയാണിത് എന്നതാണ് ശരിയായ വ്യാഖ്യാനം.

# പ്രകടനപരത

ബന്ധങ്ങളും ബാധ്യതകളും വ്യാപാരവത്കരിക്കപ്പെട്ട സമൂഹത്തിൽ പ്രകടനപരതയ്ക്ക് അമിതസ്ഥാനമാണുള്ളത്. സമൂഹത്തെ മൊത്തത്തിൽ ബാധിച്ചിട്ടുള്ള ഈ പ്രവണത മതവിശ്വാസികളെയും സ്വാധീനിക്കുന്നുണ്ട്. പ്രവർത്തനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ തകിടം മറിക്കുന്ന പ്രകടനപരത പൊങ്ങച്ചത്തിന്റെ വകഭേദമാണ്. ആരാധനകളിൽ പ്രകടനപരത വന്നുചേരുന്നത് അവയുടെ മൂല്യം ചോർത്തിക്കളയുന്നു. പ്രകടനപരതയുടെ സ്വാധീനമുള്ള വിശ്വാസി നമസ്കരിക്കുന്നത് കാപട്യത്തിന്റെ ലക്ഷണമായാണ് ഖുർആൻ വിലയിരുത്തുന്നത് (4:142).

പ്രകടപരത പൈശാചികമാണ്. പ്രകടനപരതയ്ക്ക് വശംവദമായവർ നമസ്കരിക്കുന്നതു മാത്രമല്ല, ദാനധർമങ്ങൾ ചെയ്യുന്നതും ആത്മാർഥതയില്ലാതെയായിരിക്കും. ചൈതന്യം ചോർന്ന വിശ്വാസത്തിന്റെ വെറും പൊള്ളയായ പ്രകടനം അല്ലാഹു പറയുന്നു:

‘ജനങ്ങളെ കാണിക്കുവാനായി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കുന്നവരും അല്ലാഹുവിലോ അന്ത്യദിനത്തിലോ വിശ്വാസമില്ലാത്തവരുമാണവർ. പിശാചാണ് ഒരാളുടെ കൂട്ടുകാരനാകുന്നതെങ്കിൽ അവൻ എത്ര ദുഷിച്ച ഒരു കൂട്ടുകാരൻ’ (4:38).

സത്യമാർഗത്തിലുള്ള ധർമസമരത്തെ പോലും പ്രകടനപരത സ്വാധീനിക്കാം.അതോടെ കർമം നിഷ്ഫലമാകുന്നു. രക്തസാക്ഷിത്വം പോലും ഫലശൂന്യമായിത്തീരുന്നു. അല്ലാഹു പറയുന്നു:

‘ഗർവോടു കൂടിയും ജനങ്ങളെ കാണിക്കാൻ വേണ്ടിയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ തടഞ്ഞു നിർത്തുവാൻ വേണ്ടിയും തങ്ങളുടെ വീടുകളിൽ നിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെ പോലെ നിങ്ങളാകരുത്. അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു’ (8:47).

പ്രകടനപരത ഗോപ്യമായ ശിർക്കാണെന്ന് ഇസ്‌ലാം ഓർമിപ്പിക്കുന്നു. നബി(സ്വ) പറഞ്ഞു: ‘ആരെങ്കിലും പ്രകടനപരതയ്ക്കു വേണ്ടി നമസ്കരിച്ചാൽ അവൻ (അല്ലാഹുവോട്) പങ്കുചേർത്തു (ശിർക്ക് ചെയ്തു. ആരെങ്കിലും പ്രകടനപരതയ്ക്കുവേണ്ടി നോമ്പെടുത്താൽ അവൻ അല്ലാഹുവിൽ പങ്കുചേർത്തു... ‘ (അഹ്മദ്)

---

മറ്റൊരു സ്ത്രീയെക്കൂടി താങ്കൾക്ക് അനുവദിച്ചു. അത് (സത്യവിശ്വാസിയായ ഒരു സ്ത്രീ സ്വദേഹം നബിക്ക് ദാനം ചെയ്യുന്നപക്ഷം) സ്വന്തമായി പ്രവാചകന് സമർപ്പിക്കുക. (നബി അവളെ വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതും അനുവദിച്ചിരിക്കുന്നു) ഇത് നബി(സ്വ)യുടെ താൽപര്യവും ഉദ്ദേശ്യവും അനുസരിച്ച് മാത്രം. (ഇത് സത്യവിശ്വാസികളെ കൂടാതെ നിനക്ക് മാത്രമുള്ളതാകുന്നു) വിവാഹത്തിന് സ്വയം വാഗ്ദാനം ചെയ്ത് വരുന്ന ഒരു സ്ത്രീയെ വിവാഹം കഴിക്കൽ അനുവദനീയമാണ്. എന്നാൽ സത്യവിശ്വാസികൾക്ക് ഒരു സ്ത്രീ സ്വയം സമർപ്പിക്കുന്നത് അനുവദനീയമല്ല. (അവരുടെ ഭാര്യമാരുടെയും അവരുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരുടെയും കാര്യത്തിൽ നാം നിയമമായി നിശ്ചയിച്ചിട്ടുള്ളത് നമുക്കറിയാം) സത്യവിശ്വാസികൾക്ക് അനുവദിക്കപ്പെട്ടതും സ്ത്രീകളിൽനിന്നും അടിമകളിൽനിന്നും അനുവദിക്കപ്പെടാത്തതും നമുക്കറിയാം. അത് അവർക്ക് അറിയിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് അനുവദനീയമാകുന്നവരുടെ കാര്യം നേരത്തെ പറഞ്ഞിട്ടുണ്ട്. അതിൽപെടാത്ത നബി (സ്വ) ക്ക് മാത്രം അനുവാദമുള്ളതാണ്. അത് നബിയെ മാത്രം അഭിസംബോധന ചെയ്ത് പറഞ്ഞതാണ്: (ഓ പ്രവാചകരേ, നാം നിങ്ങൾക്ക് അനുവദിച്ചിരിക്കുന്നു) എന്നാണ് പറഞ്ഞത്. (സത്യവിശ്വാസികളെ കൂടാതെ നിനക്ക് മാത്രമുള്ളതാകുന്നു) എന്ന വചനം; അതായത് പ്രവാചകരേ, അവർക്ക് അനുവദിക്കാത്തത് താങ്കൾക്ക് നാം അനുവദിച്ചിരിക്കുന്നു. മറ്റുള്ളവർക്ക് നൽകാത്ത വിശാലത താങ്കൾക്ക് നൽകിയിരിക്കുന്നു. (നിനക്ക് യാതൊരു വിഷമവും ഉണ്ടാവാതിരിക്കാൻ വേണ്ടിയത്രെ അത്) അല്ലാഹു തന്റെ ദൂതന് നൽകുന്ന വർധിച്ച പരിഗണനയാണിത്. (അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമാകുന്നു) അവൻ എപ്പോഴും പൊറുത്ത് കൊടുക്കുന്നവനും പരമകാരുണികനുമാണ്. അതായത് അല്ലാഹു അവന്റെ ഔദാര്യവും കാരുണ്യവും തന്റെ അടിമകൾക്ക് ഇറക്കി കൊടുക്കുന്നു. അവന്റെ യുക്തി താൽപര്യപ്പെടുന്നതിനനുസരിച്ച് അതിനുള്ള കാരണങ്ങൾ അവരിൽനിന്നുണ്ടാകുമ്പോൾ അവന്റെ ഔദാര്യവും കാര്യങ്ങളും അവൻ അവർക്കിറക്കുന്നു. ■



കവിത

സാബിറ ബിൻത് സലീം

# അതിരില്ലാത്ത ലോകം കൊതിക്കുന്നവളോട്

പെണ്ണിന്ന് ‘സ്വാതന്ത്ര്യം’
നേടിക്കൊടുക്കുവാൻ
എന്തൊരു താൽപര്യമാണുങ്ങൾക്ക്!
ഇവരാഗ്രഹിക്കുന്ന ‘സ്വാതന്ത്ര്യം’ എന്തെന്ന്
പറയുവാൻ പോലും ഞാൻ ലജ്ജിക്കുന്നു.
വസ്ത്രമണിയണം പേരിന്നു മാത്രം,
നഗ്നത കാണിക്കൽ ഫാഷനാണ്.
ആകെയും മൂടിപ്പൊതിയരുത്,
അത് പാരതന്ത്ര്യത്തിൻ മത വഴിയാം!
ക്യാമ്പസിലെത്തിയാൽ
ആണെന്നും പെണ്ണെന്നും
വ്യത്യാസം കാട്ടുന്നതക്രമമാം!
ഒന്നിച്ചിരിക്കാം, തോളിൽ പിടിക്കാം
ഒന്നിച്ചു സിനിമയും കണ്ടിരിക്കാം.
ബോയ് ഫ്രണ്ടിനൊപ്പം
ബൈക്കിൽ കറങ്ങാം,
പാർക്കിലും ലോഡ്ജിലും പോയിരിക്കാം!
ഇവ്വിധം സ്വാതന്ത്ര്യം പെണ്ണിനു കിട്ടണം;
ലിബറലിൻ ചിന്തകൾ ഈ വഴിക്കാം.
അതിലെ ചതിക്കുഴിയറിയാത്ത പെണ്ണുങ്ങൾ
പിന്തുണയുമായി നിരത്തിലറങ്ങുന്നു.
വത്തക്ക സമരം...!
ചുംബന സമരം...!
ബസ് സ്റ്റോപ്പിൽ സഹപാഠിയുടെ
മടിയിലിലുന്ന് ‘സ്വാതന്ത്ര്യം’ നുണയുന്ന
പെൺകുട്ടികൾ...!
ഇതിനെയെല്ലാം ആഘോഷമാക്കുന്ന,
പ്രോൽസാഹിപ്പിക്കുന്ന മാധ്യമങ്ങൾ!
അതിരില്ലാത്ത സ്വാതന്ത്ര്യം കൊതിച്ച്
ലഹരിയുടെയും ലൈംഗികതയുടെയും
ലോകത്ത് പറന്നു പറന്നങ്ങനെ...
ഒടുവിൽ...
കൈപിടിച്ചു തെരുവിലിറക്കിയവൻ
ആശയെല്ലാം തീർത്ത ശേഷം
കഴുത്തു ഞെരിച്ച്...
ആർക്കാണു നഷ്ടം?
ആർക്കാണു നേട്ടം?



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

കേരളം കണ്ട മികച്ച ധിഷണാശാലികളിൽ ഒരാളാണ്
ഡോ: ഉസ്മാൻ സാഹിബ്.
അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിൽ നിന്ന്
മലയാളികൾക്ക് ലഭിച്ചത് അത്യപൂർവ്വ രചനകളാണ്.
യുക്തിവാദികളും മതപുരോഹിതരും
ആ മഹാന്റെ തൂലികക്കു മുന്നിൽ മുട്ട് മടക്കിയതാണ് ചരിത്രം.
പുതിയ തലമുറക്ക്  പഠിക്കാനും പകർത്താനും
നിരവധി കാര്യങ്ങൾ ഉള്ളതിനാൽ,
'സൽസബീലി'ന്റെ പഴയ താളുകളിലുള്ള കനപ്പെട്ട
ലേഖനങ്ങൾ ചെറുകൃതികളാക്കി
പുറത്തിറക്കിയിരിക്കുന്നു.










WISDOM BOOKS

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road,
Chalappuram, Kozhikode 673 002.
Mob: **+91 7356766478**




www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
25 January 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students



# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 11 2025 മെയ്
## പെരിന്തൽമണ്ണ

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents